മലങ്കര

# വിഘടിതൻ.

THE MALABAR SEPARATIST.

പുസ്തകം 2. | 1098 കുംഭം, മീനം. | ലക്കം 6.

## പ്രൊട്ടസ്റ്റൻറ്മതവും വേദപുസ്തകവും.

(തുടർച്ച.)

### ഫാദർ തോമസ് മണ്ണൂരംബേരി എഴുതിയ ലഘുലേഖയുടെ ഖണ്ഡനം.

II. ഫാദറിന്റെ പ്രസംഗത്തിൽ "വേദപുസ്തകം മാത്രം" എന്നുള്ള പ്രധാനവിഭാഗം അവസാനിച്ചിരിക്കയാൽ "ഇതാണോ നിക്കാലുള്ള വേദപുസ്തകം" എന്ന രണ്ടാംവിഭാഗത്തെക്കുറിച്ചു ഇനി ചുരുക്കമായി പര്യാലോചിക്കാം.

ഇതുസംബന്ധമായി മൂന്നു ചോദ്യങ്ങൾ ഗ്രന്ഥകർത്താവു ചോദിക്കുന്നു. മൂന്നും വീണ്ടുവിചാരം ലേശമില്ലാത്തവയാണ്. എങ്കിലും യഥാക്രമം മറുപടി പറഞ്ഞുകൊള്ളുന്നു.

ഒന്നാംചോദ്യം:—"നിങ്ങൾ സത്യമായിട്ടുള്ള വേദപുസ്തകം നിങ്ങളുടെ കൈവശം വച്ചുകൊണ്ടിരിക്കുന്നുവെന്നു നിങ്ങൾക്കു നിശ്ചയമുണ്ടോ?"

ഉത്തരം—ഉണ്ട്.

രണ്ടാംചോദ്യം:—"വേദപുസ്തകം മുഴുവനും നിങ്ങളുടെ കൈവശം ഉണ്ടെന്നു നിങ്ങൾ എങ്ങനെ അറിയുന്നു?"

ഉത്തരം—ഒരു ക്രിസ്ത്യാനിക്കു ആവശ്യപ്പെട്ടിട്ടുള്ള സകലസംഗതികളും അതിൽ അടങ്ങിയിരിക്കുന്നതുകൊണ്ടും അപ്പോസ്തലകാലത്തെ ദിവ്യലിഖിതങ്ങൾ വേറെ ഇല്ലാത്തതിനാലും.

മൂന്നാം ചോദ്യം:—"വേദപുസ്തകമല്ലാതെ മറെറാന്നുമല്ലാ നിങ്ങളുടെ കൈവശം ഇരിക്കുന്നതെന്നു നിങ്ങൾ എന്തുകൊണ്ടു വിശ്വസിക്കുന്നു."

ഉത്തരം—ഇതു വേദപുസ്തകമാണെന്നുള്ള എന്റെ പരിപൂർണ്ണബോധത്തെ താങ്ങുന്ന അഭ്യന്തരതെളിവുകളും ബാഹ്യതെളിവുകളും ഈ പുസ്തകത്തെക്കുറിച്ചു ധാരാളം ഉള്ളതുകൊണ്ടു്.

വായനക്കാരെ! പാതിരിയുടെ ഈ ചോദ്യങ്ങളെ വിവേകബുദ്ധിയുടെ തുലാസ്സിൽ നമുക്കൊന്നു തൂക്കി നോക്കാം. ഭൂമിയിലുള്ള ഏതു പുസ്തകത്തെ സംബന്ധിച്ചും ഈവിധമുള്ള ചോദ്യം തർക്കം ചോദിക്കാവുന്നതാണ് എന്നുള്ളതിനു സംശയമില്ല. പക്ഷെ ചോദ്യങ്ങൾ നിഷ്പ്രയോജനവും നിരർത്ഥകവുമായിരിക്കുമെന്നേയുള്ളു. ഒരു സ്കൂളിലെ അദ്ധ്യേതാവിന്റെ വശം രണ്ടാംപാഠപ്പുസ്തകം ഇരിക്കുന്നതു കണ്ടിട്ട്, അയാളോടു നിങ്ങൾ സത്യമായിട്ടുള്ള രണ്ടാം പാഠം നിങ്ങളുടെ കൈവശം വച്ചുകൊണ്ടിരിക്കുന്നുവെന്നു നിങ്ങൾക്കു നിശ്ചയമുണ്ടോ? രണ്ടാംപാഠപുസ്തകം മുഴുവനും നിങ്ങളുടെ കൈവശമുണ്ടെന്ന് എങ്ങനെ അറിയുന്നു? രണ്ടാംപാഠപുസ്തകമല്ലാതെ മറെറാന്നുമല്ല നിങ്ങളുടെ കൈവശമിരിക്കുന്നതെന്നു നിങ്ങൾ എന്തുകൊണ്ടു വിശ്വസിക്കുന്നു? എന്നൊക്കെ ചോദിച്ചാൽ ചോദ്യകർത്താവിനെ ഒരു ഭ്രാന്തനെന്നല്ലാതെ ശ്രോതാവു ഗണിക്കയില്ല. ഈവക ചോദ്യങ്ങൾ പ്രകൃതിവിരുദ്ധങ്ങളാണ്. ഒരു വസ്തു കണ്ടാൽ അതെന്താണെന്നറിയത്തക്ക പ്രത്യേകഗുണങ്ങൾ ആ വസ്തുവിലും അതിനെ വ്യാവർത്തിച്ചറിവാൻ തക്ക ശക്തി മനുഷ്യനിലും നിക്ഷിപ്തമായിട്ടുണ്ടെന്നുള്ളതു നിസ്തർക്കമായ സംഗതിയാണ്. പ്രസ്തുത ബോധം ലേശമില്ലാതെ വേദപുസ്തകം വേദപുസ്തകമാണെന്ന് എങ്ങനെ നിശ്ചയിച്ചു എന്നും മററുമുള്ള ചോദ്യങ്ങൾ പ്രൊട്ടസ്റ്റന്റുകാരെ ഭയപ്പെടുത്തുവാൻ കൊണ്ടുവന്നതിൽ ഞങ്ങൾ ഫാദറിനെക്കുറിച്ചു വളരെ അത്ഭുതപ്പെടുന്നു.

അദ്ദേഹത്തിന്റെ ചോദ്യങ്ങൾ പ്രകൃത്യനുസരണവും മനുഷ്യസാധാരണവുമാണെങ്കിൽ ഉത്തരം കേൾപ്പാനുള്ള നിഷ്കർഷയോടുകൂടി താഴെ വരുന്ന ചോദ്യങ്ങൾ ഞങ്ങൾ അദ്ദേഹത്തോടു ചോദിക്കുന്നു. അദ്ദേഹത്തിന്റെ വശം തോമസ് അ കെമ്പിസ്സിന്റെ ക്രിസ്ത്വാനുകരണം ഉണ്ടായിരിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നു. ചോദ്യങ്ങൾ അതു സംബന്ധിച്ചുതന്നെ ആകട്ടെ.

ചോദ്യം:—1. നിങ്ങൾ സത്യമായിട്ടുള്ള ക്രിസ്ത്വാനുകരണം നിങ്ങളുടെ കൈവശം വച്ചുകൊണ്ടിരിക്കുന്നുവെന്നു നിങ്ങൾക്കു നിശ്ചയമുണ്ടോ?

2. ക്രിസ്ത്വാനുകരണം മുഴുവനും നിങ്ങളുടെ കൈവശം ഉണ്ടെന്നു നിങ്ങൾ എങ്ങനെ അറിയുന്നു?

3. ക്രിസ്ത്വാനുകരണമല്ലാതെ മറ്റൊന്നുമല്ലാ നിങ്ങളുടെ കൈവശം ഇരിക്കുന്നതെന്നു നിങ്ങൾ എന്തുകൊണ്ടു വിശ്വസിക്കുന്നു?

ഈ ചോദ്യങ്ങൾക്ക് ഉപന്യാസകർത്താവു മറുപടി പറഞ്ഞു കേൾപ്പാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ചോദ്യം അനാലോചിതവും അപ്രകൃതവും അസന്ദർഭവും അപ്രയുക്തവുമാണെന്നു ഇതുകൊണ്ടു തീർച്ചപ്പെട്ടെന്നെങ്കിലും ഫാദർ ഈ ചോദ്യാവലിയിൽ ഒളിച്ചുവച്ചിട്ടുള്ള കരുവിനെ വെളിപ്പെടുത്തേണ്ടതു ഞങ്ങളുടെ ധർമ്മമാണല്ലോ. ഒരു വലിയ മർമ്മം, അതേ, പ്രൊട്ടസ്റ്റന്റുകാരെ സമൂലനാശം ചെയ്യാനുള്ള ഒരു ബോമ്പ് ഇതിൽ അദ്ദേഹം നിക്ഷേപിച്ചിരിക്കുന്നപോൾ, അതു് എന്താണെന്നു ഞങ്ങൾ പച്ചയായി പറഞ്ഞേക്കാം. നമ്മുടെ കൈവശമിരിക്കുന്ന വേദം, വേദം തന്നെയാണെന്നും, ഇപ്പോഴുള്ളതിൽ കൂടുതലായി അതിൽ പുസ്തകങ്ങൾ ചേർപ്പാനില്ലെന്നും മറ്റും റോമാസഭയാണ് നമ്മെ പഠിപ്പിച്ചിരിക്കുന്നതു് എന്നത്രേ. അങ്ങനെയെങ്കിൽ ഞങ്ങൾക്ക് ഒരു ചോദ്യം ഉണ്ടു്. അതു് എന്തെന്നാൽ, ഇതു വേദമാണെന്നും ഇതിൽ വേദം മുഴുക്കെയുണ്ടെന്നും (റോമാ)സഭയെ പഠിപ്പിച്ചതാരാണ്? റോമാസഭയ്ക്കു ഇതു് എങ്ങനെ മനസ്സിലായി? ഇതിനു മറുപടി പറവാൻ ഫാദറിനു ചുമതലയുണ്ടു്. വേദം വേദമാണെന്നു റോമാസഭയെ പഠിപ്പിച്ചതു ദൈവമാണെന്ന് അദ്ദേഹം ഞങ്ങളോടു പറഞ്ഞേക്കും. അങ്ങനെയെങ്കിൽ റോമൻകത്തോലിക്കരെമാത്രം വേദത്തെ വേദമെന്നു ദൈവം പഠിപ്പിക്കയും പ്രൊട്ടസ്റ്റന്റുകാരെ പഠിപ്പിക്കാതിരിക്കയും ചെയ്യുമെന്നു വിചാരിക്കാമോ? ഒരിക്കലും പാടില്ല. റോമാസഭയോടു സമപുരാതനത്വമുള്ള അലക്സന്ത്രിയ, അന്ത്യോക്യ മുതലായ സഭകളെയെങ്കിലും ബൈബിൾ വേദമാണെന്നും അതിൽ വിശുദ്ധപുസ്തകങ്ങൾ മുഴുക്കെ ഉണ്ടെന്നും മറ്റും ദൈവം പഠിപ്പിക്കാതിരിക്കയില്ലെന്നാണ് ഞങ്ങളുടെ അല്പബുദ്ധിയിൽ തോന്നിപ്പോകുന്നതു്. പലവിധ ഉപദേശപ്പിശകുകളും നടപടിപ്പിശകുകളും ദുരാചാരങ്ങളുംകൊണ്ടു ജടിലമായിക്കിടക്കുന്ന റോമാസഭയെക്കാൾ ഇതരസഭകൾ ഒട്ടും അധമസ്ഥിതിയിലല്ലാത്തതുകൊണ്ടു റോമായോടു കാണിക്കുന്ന കരുണ ഇതരസഭകളോടും ദൈവം കാണിക്കുമെന്നും ദൈവാത്മാവിനായുള്ള ദാഹത്തോടും പ്രാർത്ഥനയോടും ദൈവത്തെ ആരാധിക്കുന്ന ഏതൊരാൾക്കും തന്റെ വചനത്തിന്റെ വഴിയെ ദൈവം തെളിയിച്ചുകൊടുക്കുമെന്നും ആ അർത്ഥത്തിൽ പാപ്പായ്ക്കും റോമാസഭയ്ക്കും ഉണ്ടെന്നു പറയുന്ന അപ്രമാദിത്വം ഇതരസമൂഹങ്ങളിലെ ഓരോ അംഗത്തിനും ഉണ്ടെന്നും ഞങ്ങൾ നിസ്സംശയം വിശ്വസിക്കുന്നു.

ഞങ്ങളുടെ വ്യാപനത്തിന്റെ ചുരുക്കമാവിതു: വേദപുസ്തകം വേദപുസ്തകമാണെന്നു പറവാൻ പ്രൊട്ടസ്റ്റന്റുകാരെ പഠിപ്പിച്ചതു കത്തോലിക്കാസഭയാണെന്നിരിക്കട്ടെ. കത്തോലിക്കാസഭയെ അതു

ങ്ങനെ പറവാൻ പഠിപ്പിച്ചതു് അപ്പോൾ പാപ്പായായിരിക്കുന്നവ ല്ലോ. പാപ്പായ്ക്കു് വേദം വേദമാണെന്നും മററും നിശ്ചയം വന്നതു് എങ്ങനെ? ആരു് അദ്ദേഹത്തെ അങ്ങനെ പഠിപ്പിച്ചു? എന്നു വല്ല വരും ചോദിക്കുമ്പോൾ ദൈവം പഠിപ്പിച്ചു എന്നല്ലാതെ റോമാ ക്കാരൻ മറെറന്തു മറുപടി പറയും? ഒരു വെളിപാടിനാലല്ലയോ പാപ്പായെ ദൈവം പഠിപ്പിക്കുമെങ്കിൽ അദ്ദേഹത്തിന്റെ സമസ ഹോദരന്മാരായ പ്രൊട്ടസ്റ്റൻറുകാരെയും കിഴക്കൻസഭകളെയും ദൈവം അന്ധതയിൽ ഇട്ടുകളയുമെന്നും "പാതിയിൽ പക്ഷഭേദം" കാണിക്കുമെന്നും വിചാരിക്കുവാൻ ന്യായമില്ല. അതിനാൽ വേദ ത്തെ വേദമെന്നു വിധിക്കുവാനും മററും വേണ്ട അപ്രമാദിത്വം റോമായിലെ പാപ്പായ്ക്കു് ഉണ്ടെങ്കിൽ അതേ വരം തന്നെ ഒട്ടും കു റയാതെ പ്രൊട്ടസ്റ്റൻറുസഭയിലെ ഓരോ അംഗത്തിനും ഉണ്ടെ ന്നുള്ളതു വേദസിദ്ധവും സുസ്പഷ്ടവുമാണു്.

വേദപുസ്തകത്തിലെ ചില ഭാഗങ്ങൾ ലൂഥർ മുതലായ പ്രൊ ട്ടസ്റ്റൻറുകാർ തള്ളിക്കളഞ്ഞതായി റോമാക്കർ പ്രലപിക്കുന്നു. എന്നാ ൽ റോമാക്കാർ ചില പുസ്തകങ്ങൾ 'അധികപ്പററാ'യി ബൈബി ളിനോടു കൂട്ടിച്ചേർത്ത സംഗതിയെക്കുറിച്ചു് അദ്ദേഹം മിണ്ടുന്നില്ല. വേദത്തിൽനിന്നു് എടുത്തുകളയുന്നതുപോലെതന്നെ വേദത്തോടു കൂട്ടിച്ചേർക്കുന്നതും ഒരു വലിയ പാപമായിട്ടുതന്നെയാണു് വേദത്തി ൽ പറയുന്നതു്. വെളി: 22: 18. സദൃശ: 30: 6.

പഴയനിയമത്തിലെ 39 പുസ്തകങ്ങളോടു കാനോനികം അല്ലാ ത്ത 14 പുസ്തകങ്ങൾ റോമാക്കാർ കൂട്ടിച്ചേർത്തിട്ടുള്ളതു് ഒരു വ ലിയ അതിക്രമമാണെന്നുള്ളതിനു സംശയം ഇല്ല. റോമാസഭ ഇ പ്പോൾ കണക്കില്ലാതെ കൊണ്ടാടിവരുന്ന ജെറോം മുതലായ പരി ശുദ്ധപിതാക്കൾ ഈ പുസ്തകങ്ങളെ (അപ്പോക്രിഫാ) നിഷേധി ച്ചിട്ടുള്ളതാണു്. എങ്കിലും നവീനന്മാർ പരിശുദ്ധവചനത്തോ ടു കൂട്ടിച്ചേർക്കയും അതിനാലുള്ള കുററം അവർ തങ്ങളുടെ തലയി ൽ വലിച്ചുകയററുകയും ചെയ്തിരിക്കുന്നു. വിശുദ്ധഗ്രന്ഥങ്ങളെ തള്ളിക്കളഞ്ഞതിൽ ലൂഥറും വിശുദ്ധവചനത്തോടു കൂട്ടിച്ചേർത്തതി ൽ റോമാസഭയും ഒരുപോലെ പിശകി എന്നാണല്ലോ ഇതിൽനി ന്നു കാണുന്നതു്. അപ്രമാദിത്വത്തെ വിശ്വസിക്കാത്ത ലൂഥർ പി ശകി എങ്കിൽ അതു് അത്ഭുതമല്ല. അപ്രമാദിത്വമുള്ള റോമാസ ഭ തെററിയതല്ലേ വിസ്മയം? ഇങ്ങനെ റോമാസഭയെ വേദവി രോധങ്ങളിൽ ചാടിച്ച അപ്രമാദിത്വത്തെ സകലമനുഷ്യരും ത ൽക്ഷണം ചവറുപോലെ ദൂരെ എറിഞ്ഞുകളകയല്ലേ വേണ്ടതു്?

ഇതിന്റെ രണ്ടാംവിഭാഗത്തിൽ വേദത്തിനു ദൈവനി ശ്വാസ്യതയുണ്ടെന്നു വിശ്വസിക്കണമെങ്കിൽതന്നെ അപ്രമാദിത്വം അപരിത്യാജ്യമാണെന്നു ഗ്രന്ഥകർത്താവു പ്രസംഗിക്കുന്നു. അവരു ടെ അഭിപ്രായത്തിൽ വേദത്തിന്റെ ദൈവനിശ്വാസ്യത്തിനു സഭ

യുടെ അപ്രമാദിത്വം ലേശം ആവശ്യമില്ല. സഭ, അപ്രമാദിയോ കേവലം പ്രമാദിയോ ആയിരുന്നാൽതന്നെയും വേദം ദൈവനിശ്വാസ്യമാണെന്നുള്ളതിനു വേണ്ട തെളിവുകൾ സഭയുടെ സഹായമോ സർട്ടിഫിക്കെററോ കൂടാതെ വേദത്തിൽ സ്വതഃ ഉണ്ട്. സഭയുടെ അപ്രമാദിത്വം കേവലം ഭ്രാന്താണെന്നു വിചാരിക്കുന്ന പ്രൊട്ടസ്റ്റന്റുകാർ വേദത്തിന്റെ ദൈവനിശ്വാസ്യതയിൽ ദൃഢവിശ്വാസമുള്ളവരാണല്ലോ.

III. പ്രൊട്ടസ്റ്റന്റുകാരും വേദപുസ്തകവ്യാഖ്യാനവുമെന്നുള്ള മൂന്നാം പ്രധാനഭാഗത്തെയാണ് ഇനിയും നിരൂപണം ചെയ്യാൻ പോകുന്നതു്. "പ്രത്യേകദൈവനിശ്വാസ്യവും അപ്രമാദിത്വവരവുമുള്ള വ്യാഖ്യാതാവു് ഇല്ലെങ്കിൽ വേദപുസ്തകത്തിന്റെ അർത്ഥവും ആശയങ്ങളും പലരും തെററിദ്ധരിക്കാൻ ഇടയുള്ളതാണ്" എന്നു ഫാദർ പറയുന്നതു ശരിതന്നെ. പക്ഷെ, ഈവക വിശിഷ്ടവരങ്ങളുള്ള ഒരു വ്യാഖ്യാതാവു പാപ്പയിൽനിന്നു് ഇതരമായി സഭയ്ക്കുണ്ടെന്നുള്ളതു ഫാദർ മറന്നുകളയുന്നു. ഈ വ്യാഖ്യാതാവു പരിശുദ്ധാത്മാവു തന്നെ. ഈ മാർഗ്ഗദർശി നമുക്കു് അറിവാൻ ആവശ്യമുള്ള വേദത്തിലെ പ്രധാനഭാഗങ്ങൾക്കെല്ലാം സുഗമമായ വ്യാഖ്യാനമെഴുതി വേദത്തിൽ ചേർത്തിരിക്കുന്നു. എത്യോപ്യഷണ്ഡന്റെ സംഗതിയിലും ഇങ്ങനെതന്നെയാണ് കാണുന്നതു്. അവൻ പ്രവചനപ്പുസ്തകം വായിച്ചപ്പോൾ അതിന്റെ അർത്ഥം അറിവാൻ കഴിയാതെ അതിനെ പരിശുദ്ധാത്മാവു ഫീലിപ്പോസിന്റെ വായ് മുഖാന്തരം വ്യാഖ്യാനിപ്പിച്ചുകൊടുക്കുകയും അതു പുസ്തകത്തിൽ എഴുതിക്കയും ചെയ്തു. നമ്മുടെ അറിവിന്നാവശ്യമുള്ള വേദാംശങ്ങളെ എല്ലാം പുതിയനിയമത്തിൽ കർത്താവും അപ്പൊസ്തലന്മാരും നമുക്കു വ്യാഖ്യാനിച്ചു തന്നിട്ടുണ്ടെന്നുള്ളതു വേദവായനക്കാർക്കറിയാവുന്നതാണ്. പൌലൂസിന്റെ ലിഖിതങ്ങളിൽ അറിവാൻ പ്രയാസമുള്ള ഭാഗങ്ങൾ ഉണ്ടെന്നു പറയുന്നതല്ലാതെ പ്രാർത്ഥനയാലോ പരിശുദ്ധാത്മസഹായത്താലോ അറിഞ്ഞുകൂടാത്ത ഭാഗങ്ങളുണ്ടെന്നു വേദം പറയുന്നില്ലെന്നാണ് ഞങ്ങൾക്കു തോന്നുന്നതു്. ഈ ആയുസ്സിൽ അറിവാൻ സാധിക്കാത്ത ഭാഗം പക്ഷേ വരുവാനുള്ള ആയുസ്സിൽ നമുക്കു സുവ്യക്തമായി തെളിവാകുന്നതാം. ഇപ്പോൾ അതു ദൈവത്തിന്റെ വിസ്മയപ്രവൃത്തികളെക്കുറിച്ചുള്ള ജിജ്ഞാസയും നമ്മുടെ പരലോകൌത്സുക്യവും വർദ്ധിപ്പിക്കുന്നതിനു് എഴുതീട്ടുള്ളതാണെന്നു വിചാരിക്കാം. അതു ഉൽക്കണ്ഠ നമ്മിൽ ഇരിക്കുന്നതു പരലോകകാര്യങ്ങളെക്കുറിച്ചുള്ള പ്രത്യാശയുടെ വർദ്ധനയ്ക്കു സർവ്വദാ ഒരു സഹായമാണ്. അതിനാൽ ആ വിഷയങ്ങളിൽ ഇപ്പോൾ വ്യാഖ്യാനം ആവശ്യമില്ലെന്നു സമാധാനിക്കയല്ലാതെ റോമാസഭയിലെ വൈദികന്മാർ അതിനെ

ഇതരന്മാർക്ക് വ്യാഖ്യാനിച്ചുകൊടുക്കുമെന്നു കാത്തിരുന്നാൽ അത്യാനിരാശയിൽ അവസാനിക്കുമെന്നുള്ളതിനു തർക്കമില്ല. പൌലൂസിന്റെ ലേഖനങ്ങളിലുള്ള ദുർഗ്രഹങ്ങളായ ഭാഗങ്ങളുടെ സംഗതിയിൽ ഫാദർ മണ്ണൂക്കേരി അവർകളുടെ അഭിപ്രായമാണ് പത്രോസിനുണ്ടായിരുന്നതെങ്കിൽ അദ്ദേഹം പ്രസ്തുതവാക്യത്തെ താഴെ വരുംപ്രകാരം മാറ്റി എഴുതുമായിരുന്നു. “അങ്ങനെ തന്നെ നമ്മുടെ പ്രിയസഹോദരനായ പൌലൂസും (2 പത്രോ: 3: 15.) തനിക്കു ലഭിച്ച ജ്ഞാനത്തിനു തക്കവണ്ണം . . . . എഴുതീട്ടുണ്ടല്ലോ”. അവയിൽ ഗ്രഹിക്കുവാൻ പ്രയാസമുള്ളവ ചിലതുണ്ട്. അവയെ വ്യാഖ്യാനിപ്പാനുള്ള അധികാരം ഇപ്പോൾ പാപ്പാസനത്തിൽ വാഴുന്ന എനിക്കും എന്റെ കാലശേഷം എന്റെ അനന്തിരവരായ പാപ്പാക്കൾക്കുമാണ്. ഈ ദുർഗ്രഹങ്ങളായ ഭാഗങ്ങൾക്കു പാപ്പാസ്ഥാനീയന്മാർ കൊടുക്കുന്ന വ്യാഖ്യാനം ഏതു സമയവും “പരിശോധനകൂടാതെ വിശ്വസിച്ചുകൊള്ളണം”. ഈവിധം പത്രോസ് പറയാത്തതിൽനിന്നു വേദത്തിലെ ഗഹനഭാഗങ്ങൾക്കു അർത്ഥം കൊടുപ്പാനുള്ള അധികാരം റോമാവൈദികന്മാർക്കില്ലെന്നു യാതൊരു സംശയവുംകൂടാതെ തീർച്ചയാക്കാം. അതുകൊണ്ട് അങ്ങനെയുള്ള ദുർഗ്രഹഭാഗങ്ങൾ അവയുടെ സ്ഥാനത്തു ഇരുന്നുകൊള്ളട്ടെ. ഉസ്സാനിയതുപോലെ അവയിൽ കൈവെക്കുന്നതിൽനിന്നു ദൈവം നമ്മെ എല്ലാവരെയും തടയട്ടെ. “മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളവയത്രേ. വെളിപ്പെട്ടിരിക്കുന്നവയോ . . . . . നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു എന്നത്രേ മോശനിവ്യാ പറഞ്ഞിരിക്കുന്നത്.” (ആവ: 29: 28.)

നേരെമറിച്ചു ഫാദർ മണ്ണൂക്കേരി പറയുന്നതുപോലെ റോമാസഭയെ ദൈവത്തിന്റെ വചനത്തെ വ്യാഖ്യാനിപ്പാൻ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു ദൂതനായി അതു സ്വീകരിച്ചേച്ചാൽ വേദത്തിലെ ദുർഗ്രഹങ്ങളായ ഭാഗങ്ങൾക്കു വേണ്ട സമാധാനം പറഞ്ഞു തർക്കനിവാരണം വരുത്തുമെന്നു വൃഥാ മോഹിക്കുന്നവക്കും ഈവക സംശയഭേദങ്ങൾ ചെയ്യാൻ റോമാസഭയ്ക്കു ഇതേവരെ കഴിഞ്ഞിട്ടില്ലെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു. ഉദാഹരണമായി “നീ പത്രോസാകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും” എന്നുള്ള മത്തായി 16: 18-ാം വാക്യത്തെക്കുറിച്ചു ദൈവത്തിന്റെ ഈ “അപ്രമാദിയായ വ്യാഖ്യാതാവ്” ഒരു തീർച്ചയായ വ്യാഖ്യാനവും പറഞ്ഞിട്ടില്ല. റോമായുടെ 17 പിതാക്കന്മാർ പ്രസ്തുതവാക്യത്തിൽനിന്ന് ഈ പാറ പത്രോസ് അപ്പോസ്തലൻ ആകുന്നുവെന്ന് അനുമാനിക്കുന്നു. 8 പിതാക്കന്മാർ എല്ലാ അപ്പോസ്തലന്മാരുമാണ് സഭയുടെ അടിസ്ഥാനമെന്ന് ഇതിൽനിന്നു സിദ്ധാന്തിക്കുന്നു. 45 പേർ (ഇതിൽ നാലഞ്ചു പാപ്പാമാരുമുണ്ട്.) പത്രോസ് ഏറ്റുപറഞ്ഞ വിശ്വാസമാകുന്ന പാറയിന്മേലാണ് സഭ പണിയപ്പെ

ട്ടിരിക്കുന്നതെന്നു വ്യാഖ്യാനിക്കുന്നു. കൂടാതെ 16 പേർ ക്രിസ്തുവാകുന്ന പാറമേലാണ് സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നതെന്നു വാദിക്കയും ചെയ്യുന്നു. (ഈ അഭിപ്രായത്തിൽ രണ്ടു പാപ്പാമാർ യോജിക്കുന്നുണ്ട്.) റോമാസഭയും പാപ്പാമാരും ഒരേവാക്യത്തിനു കൊടുക്കുന്ന ബഹുവിധഭാഷ്യങ്ങൾക്കുള്ള ഒരു പ്രത്യക്ഷോദാഹരണമാണിത്.

സ്വന്തം അടിസ്ഥാനപ്പാറയെ സംബന്ധിച്ച് ഇത്ര തീർച്ചയില്ലാതെ അഥവാ തനിക്കുതന്നെ ഒന്നും അറിഞ്ഞുകൂടാതെ അതുമിതും പറയുന്ന ഒരു വ്യാഖ്യാതാവാണ് റോമാസഭയെങ്കിൽ അതു ദൈവത്താൽ നിയമിക്കപ്പെട്ട വ്യാഖ്യാതാവല്ലെന്നു, പ്രോട്ടസ്റ്റന്റുവ്യാഖ്യാതാക്കളിൽ ചിലരെപ്പോലെയുള്ള വരം മാത്രമേ റോമാസഭയ്ക്കുള്ളുവെന്നും തീർച്ചപ്പെടുന്നു.

ഇതുപോലെ വസ്തുമാററത്തെ താങ്ങിയുള്ള അഭിപ്രായങ്ങളും അതിനെ എതിർത്തുള്ള അഭിപ്രായങ്ങളും ഒരുപോലെ റോമരുടെ കണ്ഠനാളത്തിൽനിന്നു പിതാക്കന്മാരാകുന്ന വായ്‌വഴി പല ഘട്ടങ്ങളിൽ പുറത്തു വന്നിട്ടുണ്ട്. ഒറിഗ്ഗീസ്, അഗസ്റ്റീൻ, യുസ്റ്റീൻ, അലക്സന്ത്രിയായിലെ ക്ലീമീസ്, തെർത്തുല്യൻ, കുപ്രിയാനോസ്, എവുസേബേയൂസ്, തിയോദരത്തു മുതലായ പിതാക്കന്മാർ കുർബാനയിലെ അപ്പം ക്രിസ്തുശരീരത്തിന്റെ പ്രതിരൂപം മാത്രമാണെന്നാണ് പറഞ്ഞിട്ടുള്ളതു. ഇതു [illegible] ബന്ധിച്ചുള്ള അഭിപ്രായമാണ്. പ്രോട്ടസ്റ്റന്റുകാർ പിടിച്ചുകാട്ടത്തക്കവിധത്തിലും അതേ സമയത്തുതന്നെ തങ്ങൾക്കു ദൃഢതയിൽ ഉറച്ചു നിൽക്കത്തക്കവണ്ണവും രണ്ടുവിധത്തിൽ കത്തോലിക്കാസഭ ഈ ഭാഗം വേദം വ്യാഖ്യാനിക്കുന്നുണ്ട്.

ഏവംവിധം മാർഗ്ഗത്തിലെ മിക്ക ഉപദേശങ്ങളെയുംകുറിച്ചു ഭിന്നമായിട്ടാണ് കത്തോലിക്കാപിതാക്കന്മാർ വ്യാഖ്യാനിച്ചിട്ടുള്ളത്. ഇതിനെക്കുറിച്ച് ആരംഭത്തിൽ ഞങ്ങൾ വിസ്തരിച്ച് എഴുതിട്ടുണ്ട്. മരിച്ചവരോടുള്ള പ്രാർത്ഥന മുതലായവയെക്കുറിച്ചു മാത്രമല്ല ത്രിത്വത്തെക്കുറിച്ചുതന്നെയും വലിയ അഭിപ്രായഭിന്നതകൾ കത്തോലിക്കാവിശുദ്ധന്മാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആധുനികകാലത്തും ജ്ഞാനസ്നാനപ്പെടാത്ത ശിശുക്കളുടെ ഭാവിയെ സംബന്ധിച്ച് ഉറപ്പായി ഒന്നും വ്യാഖ്യാനിപ്പാൻ കഴിയാതെ റോമാസഭ കുഴങ്ങുകയാണ്. കൂടാതെ സഭയ്ക്കു പുറമേയുള്ളവർ രക്ഷയുണ്ടോ ഇല്ലയോ എന്നുള്ള സംഗതിയിലും വലിയ സംശയങ്ങൾ റോമൻപാതിരിമാർ നേരിട്ടിരിക്കുന്നു. ഈവിധ തർക്കങ്ങൾക്കൊക്കെയും പരിഹാരം പറഞ്ഞുതരുന്ന ഒരു വ്യാഖ്യാതാവാണ് റോമാസഭയെങ്കിൽ ഈ പ്രക്ഷോഭകാറ്റുകൾ എല്ലാം കത്തോലിക്കകടലിനെ സദാ അടിച്ചിളക്കിക്കൊണ്ടിരിക്കുന്ന വ്യസനകരമായ കാഴ്ച കാണ്മാൻ കണ്ണുള്ളവർക്കിടയാകുമോ?

# വിയോജിതൻ

പ്രോട്ടസ്റ്റൻറുകാരും വേദവ്യാഖ്യാനവും എന്ന ഈ വിഭജനത്തിൽ പ്രോട്ടസ്റ്റൻറുമതങ്ങൾ സഭയെ അനുകരിച്ചു വേദം വ്യാഖ്യാനിക്കായ്കകൊണ്ടു പല വകുപ്പുകളായി തിരിഞ്ഞുപോകുന്നതായും ഒരേ വേദവാക്യങ്ങളിൽനിന്നുതന്നെ പരസ്പരവിരുദ്ധങ്ങളായ തത്വങ്ങളെ അവർ കണ്ടുപിടിച്ചിരിക്കുന്നതായും ഫാദർ ഘോഷിക്കുന്നു. എന്നാൽ റോമാക്കാർ സഭയെ അനുകരിച്ചു മാത്രം വേദം വ്യാഖ്യാനിച്ചതുകൊണ്ടു യാതൊരു അഭിപ്രായഭേദങ്ങളും കത്തോലിക്കസഭയിൽ ഉണ്ടാകാതെ എല്ലാം ഐകമത്യവും പൂണ്ടിരിക്കയാണോ എന്നു നോക്കുക. അടിസ്ഥാനോപദേശമാകുന്ന നീതീകരണത്തെക്കുറിച്ചുപോലും വലിയ അഭിപ്രായവ്യത്യാസം റോമൻ കത്തോലിക്കരുടെ ഇടയിൽ ഉണ്ടെന്നറിയുമ്പോൾ ആരാണ് അത്ഭുതപ്പെടാത്തതു്.

റോമരുടെ ഇടയിൽ നീതീകരണോപദേശം സംബന്ധിച്ച് അഞ്ചു മതഭേദങ്ങൾ ഉണ്ട്.

1. ലോംബാർഡിക്ക മതം. 2. സ്കോട്ടിസ്റ്റിക്ക മതം. 3. തോമിസ്റ്റിക്ക മതം. 4. ഇൻറർമീഡിയേററു മതം. 5. ജെസ്യൂട്ട മതം.

“ഒരേ വേദവാക്യങ്ങളിൽനിന്നു തന്നെ പരസ്പരവിരുദ്ധങ്ങളായ തത്വങ്ങളെ കണ്ടുപിടിക്കാതിരിപ്പാൻ തന്റെ സഭാംഗങ്ങൾക്കു വേണ്ടി സദാ ജീവിച്ചിരിക്കുന്ന അപ്രമാദിയായ പാപ്പാന്മാരുടെ പക്ഷത്തുള്ളപ്പോൾ ഇത്ര വളരെ ഭിന്നത നീതീകരണം എന്ന പ്രധാനോപദേശം സംബന്ധിച്ചു റോമരുടെ ഇടയിൽ ഉണ്ടായിട്ടുള്ളതു് ആശ്ചര്യാവഹമല്ലയോ?

പരസ്പരദ്വേഷത്തിൽ നകുലസർപ്പങ്ങളെ വെല്ലുന്ന ഫ്രാൻസിസ്കൻ എന്നും ഡോമിനിക്കർ എന്നും രണ്ടു ഭക്തസംഘങ്ങൾ റോമരുടെ ഇടയിൽ ഉണ്ടെന്നുള്ളതു സുപ്രസിദ്ധമാണല്ലോ. ഇതുകൂടാതെ സ്കോട്ടിസ്റ്റുകളും തോമിസ്റ്റുകളും തമ്മിലും വലിയ പോരാണ്. ജെസ്യൂട്ടുകൾ, ജനസിതർ മുതലായവരുടെ കഥയും ഇങ്ങനെതന്നെ. മാർഗ്ഗസംബന്ധമായ മിക്ക ഉപദേശങ്ങളെക്കുറിച്ചും (റോമരുടെ) വൈദികകോളേജുകളിൽ വലിയ തർക്കമാണ്. ത്രെന്തുസുന്നഹദോസിന്റെ ശേഷം വളരെ പ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ചുതന്നെ വാദം ഉത്ഭവിക്കയും അവ റോമാസഭകളിൽ ഇപ്പോഴും ഭിന്നതകൾ വരുത്തിക്കൊണ്ടിരിക്കയും ചെയ്യുന്നു.

മാർഗ്ഗത്തിൽ പ്രമാണമായി തീർന്നിരിക്കുന്ന വേദത്തിലെ ഗ്രന്ഥങ്ങളുടെ സ്വീകാര്യതയെക്കുറിച്ചു തന്നെയും റോമർ ഇതുവരെ അന്യോന്യം യോജിച്ചിട്ടില്ല. ത്രെന്തുസുന്നഹദോസു, തോബിയാ, യൂദിത്ത്, ജ്ഞാനം, പ്രസംഗി, രണ്ടു മക്കാബി ഈ പുസ്തകങ്ങളെ വേദത്തോടു കൂട്ടിച്ചേർത്തിരിക്കുന്നു. എന്നാൽ വിശുദ്ധജെറോമും,

കർട്ടിനാൽ കഴിഞ്ഞേടത്തോളം ആ പുസ്തകങ്ങളെ വേദപട്ടികയിൽ നിന്നു തള്ളിക്കളഞ്ഞിരിക്കുന്നു.

13-ാം ഗ്രെഗറി നിഷ്പ്രയോജനമെന്നു വിളിച്ചിരിക്കുന്ന അറിയാസ് മൊണ്ടാനസ്, ലൂവെയിനിലെ വേദശാസ്ത്രികളാൽ സമ്മതിക്കപ്പെട്ടിട്ടുള്ളതും വരികൾ വഴി പരിഭാഷ ചെയ്തിട്ടുള്ളതുമായ എബ്രായബൈബിളിൽ തോബിയ, യൂദിത്ത് മുതലായ അപ്പോക്രിഫാപുസ്തകങ്ങളെക്കുറിച്ചു താഴെവരുംപ്രകാരം എഴുതിയിരിക്കുന്നു. "സ്തുതിചൊല്ലപ്പെട്ട എബ്രായക്കാരാണെന്നു വിളിക്കുന്ന അപ്പോക്രിഫാപുസ്തകങ്ങളുടെ കൂട്ടത്തിൽ ഇവയെ എണ്ണുന്നു."

ഫ്ളോറൻസിലെ അദ്ധ്യക്ഷപ്രായ അന്റോണിയസ്, അപ്പോക്രിഫാപുസ്തകങ്ങൾ കാനോനികഗ്രന്ഥങ്ങളല്ലെന്നുള്ള ജെറോമിന്റെ മതത്തെ എടുത്തു പറയുന്നതാവിത്: "തോമാസ് അക്വിനാസും, നിക്കോളാസ് ഡെലീറായും ഇങ്ങനെതന്നെ അഭിപ്രായമുള്ളവരായിരുന്നു. എന്തെന്നാൽ, വിശ്വാസവിഷയമായ ഏതെങ്കിലും സംഗതിയെക്കുറിച്ചു വാദമുണ്ടാകുമ്പോൾ തെളിവിനു വേണ്ടി എടുക്കത്തക്കവണ്ണം വിശുദ്ധലിഖിതങ്ങളിലെ മറ്റു പുസ്തകങ്ങൾ പോലെ ഇവയ്ക്കു (അപ്പോക്രിഫാപുസ്തകങ്ങൾക്കു) ബലപ്പെട്ടതായ പ്രാമാണ്യമൊന്നുമില്ലെന്നു തന്നെ."

ഐക്യത്തിന്റെ ഉറപ്പിടമെന്നു തന്നെത്താൻ പ്രശംസിക്കുന്ന റോമസഭയിൽ 1378 മുതൽ 1429 വരെ 51 വർഷക്കാലത്തോളം പാപ്പാധികാരം സംബന്ധിച്ചുണ്ടായിരുന്ന ഘോരമായ ശീശ്മയും, ഞാനാണ് ന്യായമായ പാപ്പാ എന്ന് ഉദ്ഘോഷം ചെയ്തുകൊണ്ട് മൂന്നു പാപ്പാമാർ ഒരേസമയത്തു വാണതും, അതിന്റെശേഷം നാലാം യൂജീനിയസ് പാപ്പായും, കോൺസ്റ്റാൻസിലെ സുന്നഹദോസും തമ്മിലുണ്ടായ മത്സരവും (കഷ്ടം!) റോമരുടെ ഐക്യവാദത്തെ ദയകൂടാതെ തകർത്തുകളയുന്നു.

ഈ ഘോരതരമായ അഭിപ്രായഭിന്നതകളുടെ കൂട്ടത്തിൽ പാപ്പാധികാരത്തെയും അതിന്റെ സീമയെയും സംബന്ധിച്ചും റോമാസഭയിൽ കഠിനതർക്കങ്ങൾ നടന്നുവരുന്നു. ഒരുവിധം സ്ഥിരപ്പെടുത്തപ്പെട്ട ഈ വിഷയം സംബന്ധിച്ചു തന്നെ നാലുതരം അഭിപ്രായഭിന്നതകളുള്ളതായി ബെല്ലർമിൻ പറഞ്ഞിരിക്കുന്നു.

സഭയിൽ അപ്രമാദിത്വം നിക്ഷിപ്തമായിരിക്കുന്നതു പാപ്പായിലോ പൊതുസുന്നഹദോസുകളിലോ എന്നതിനെക്കുറിച്ചു റോമായിലെ പട്ടക്കാരുടെ ഇടയിൽ തർക്കശാന്തി വന്നിട്ടില്ല. അവരുടെ എഴുത്തുകൾ വായിക്കുന്നവർക്ക് ഇതു ബോധ്യമാകുന്നതാണ്.

കൃപ, മുൻനിയമം, ജന്മപാപം എന്നീ ഉപദേശങ്ങളെക്കുറിച്ചും റോമസഭയിൽ വളരെ ഭിന്നാഭിപ്രായമുണ്ട്. ഡോമിനിക്കന്മാർ, അഗസ്റ്റീന്യർ, ജാൻസന്യർ എന്നീ വകുപ്പുകാരും മറ്റ് അസംഖ്യം

റോമൻവേദശാസ്ത്രികളും ഈ വിഷയങ്ങളിൽ അഗസ്റ്റിന്റെ ഉപദേശങ്ങളെ അതായതു കാൽവിൻ പിടിച്ചിരുന്ന അഭിപ്രായത്തെ സ്വീകരിക്കുന്നു. ജസ്വീത്തുകളുടെ അഭിപ്രായം ഇതിനെതിരാണ്. അവർ റോമാസഭയിലെ അർമ്മീനിയന്മാർ തന്നെ. അവർ പെലെജിയസ്സിന്റെ അഭിപ്രായത്തിൽ ഒരു വലിയ ഭാഗം, അതായതു നമ്മുടെ പ്രകൃതിയുടെ ദുഷിപ്പില്ലായ്മയേയും മനുഷ്യന്റെ സ്വാതന്ത്ര്യത്തേയും കുറിച്ചുള്ള പ്രസ്താവനകൾ മുഴുവൻ അംഗീകരിക്കുന്നു. സക്രമന്തുകളുടെ പെരുമാററത്തേയും തപസ്സുകളുടേയും കർബ്ബാനയുടേയും ഫലത്തേയും സംബന്ധിച്ച ജസ്വീത്തുകൾക്കും റോമാസഭയിലെ മററു വൈദികശാഖകൾക്കും തമ്മിൽ വലിയ അഭിപ്രായവ്യത്യാസമുണ്ട്. പാപ്പായുടെ മേലധികാരവും റോമൻവേദശാസ്ത്രികളുടെ ഇടയിൽ ഇപ്പോഴും വാദവിഷയമായിക്കിടക്കുന്ന ഒന്നാണ്.

മാന്യവായനക്കാരേ! കത്തോലിക്കാസഭയിലുള്ള പാളയത്തിലെ പട ഏതുവിധമാണെന്നു പ്രസ്തുതോദാഹരണങ്ങളാൽ നിങ്ങൾ കണ്ടുകഴിഞ്ഞുവല്ലോ. ക്രിസ്തുമാർഗ്ഗത്തിന്റെ അടിസ്ഥാനോപദേശമാകുന്ന നീതീകരണം സംബന്ധിച്ച പ്രോട്ടസ്റ്റൻറുകാരുടെ ഇടയിൽ മിക്കവാറും അഭിപ്രായഭേദമില്ലെന്നുതന്നെ പറയാം. എന്നാൽ റോമാസഭയിലെ കഥ ഇങ്ങനെയല്ലാ. അവിടെ നീതീകരണോപദേശം സംബന്ധിച്ച തന്നെ അന്യോന്യം യോജിക്കാത്ത നാലഞ്ചു മതഭേദങ്ങളുണ്ട്. ഈ വാസ്തവം ശരിയായി മനസ്സിലാക്കിയിരിപ്പാനിടയുള്ള ഫാദർ തോമസ് അവർകൾ ഒരു വലിയ വിജയചിഹ്നമെന്നപോലെ ഡാക്ടർ റൈൻ, ഡാക്ടർ കിങ്ങ്, ഡാക്ടർ മർട്ടീനോ എന്നിവരുടെ അഭിപ്രായഭേദങ്ങളെ പുരസ്കരിച്ചു നിരൂപണം ചെയ്യാൻ പുറപ്പെട്ടതിൽ ഞങ്ങൾ വളരെ വളരെ അത്ഭുതപ്പെടുന്നു.

ഡാക്ടർ റൈൻ മുതലായ മഹാന്മാരുടെ ഭിന്നാഭിപ്രായങ്ങളെക്കുറിച്ചു് എന്തെല്ലാം വാചകങ്ങൾ ഫാദർ തോമസ് അവർകൾ പ്രയോഗിക്കുന്നുവോ ആ വാചകങ്ങൾതന്നെ അത്രയും ശക്തിയിൽ കടുകോളവു ഭേദം കൂടാതെ റോമാവൈദികന്മാരെക്കുറിച്ചു ഞങ്ങൾക്കും പറയാവുന്നതാണ്.

“വേദപുസ്തകത്തെ ഓരോരുത്തനും” സഭയുടെ അഭിപ്രായപ്രകാരം “വ്യാഖ്യാനിച്ചുകൊണ്ടു വിശ്വാസസത്യങ്ങളെ രൂപീകരിക്കുന്നതിന്റെ ഫലം ഇതുതന്നെയാണ്. ഇവിടെ പൂജ്യന്മാരും വിദ്വാന്മാരും ഉന്നതസ്ഥാനവാഹികളും പ്രസിദ്ധന്മാരുമായ” റോമൻവൈദികന്മാർ ഒരേ സഭയുടെ അധികാരപ്രകാരം വേദവാക്യം വ്യാഖ്യാനിച്ചതിന്റെ ഫലമായി “ഒരേ വേദവാക്യത്തിൽ നിന്നുതന്നെ പരസ്പരവിരുദ്ധങ്ങളായ തത്വങ്ങളെ കണ്ടുപിടിച്ചിരിക്കുന്നു. ഇവ

രെല്ലാവരും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടിരുന്നു എന്നു സംവദിക്കാമോ? നിത്യവും നിർവികാരവും അസ്വാദ്ധ്യവുമായിട്ടുള്ള സത്യം ഒരാളുടെ ചെവിയിൽ പ്രവൃത്തികളാലാണ് നീതീകരണമെന്നും മറ്റൊരാളുടെ ചെവിയിൽ "കൃപയാലാണ് നീതീകരണ"മെന്നും പറയുമോ?" അപ്പോക്രിഫാപുസ്തകങ്ങൾ വേദപുസ്തകമാണെന്നും അല്ലെന്നും ഒരേസമയത്ത് "അവിടുത്തേക്ക് എങ്ങനെ പറവാൻ കഴിയും?" "പരിശുദ്ധാത്മാവ്" ഫ്രാൻസിസ്കന്മാർക്ക് ഒരുവിധവും ഡോമിനിക്കന്മാർക്ക് വേറൊരു വിധവും "വെളിപ്പെടുത്തി എന്നു പറയുന്നതു ദൈവദൂഷണമായിരിക്കയുള്ളു. എന്നാൽ സമർത്ഥന്മാരും യോഗ്യന്മാരും വിദ്വാന്മാരും" വൈദികന്മാരുമായ അനേകർ സഭയുടെ വ്യാഖ്യാനപ്രകാരം വ്യാഖ്യാനിച്ചു നാനാവിധവിപരീതങ്ങളിലും അഭിപ്രായഭിന്നതകളുടെ കുഴികളിലും വീണുപോയിട്ടുണ്ടെങ്കിൽ വിദ്യാവിഹീനന്മാരും സാധുക്കളും ധനവാന്മാരും ദരിദ്രന്മാരും എന്നുവേണ്ടാ മനുഷ്യവർഗ്ഗം മുഴുവനും വേദപുസ്തകത്തെ എടുത്തു സഭയുടെ വ്യാഖ്യാനപ്രകാരം "വ്യാഖ്യാനിക്കുന്നതിനു തുടങ്ങുകയാണെങ്കിൽ അതിൻെറ ഫലം എത്ര ഭയങ്കരവും വിനാശകാരണവും ആയിരിക്കുമെന്നു പറഞ്ഞറിയിക്കുന്നതിനേക്കാൾ ഊഹിച്ചുകൊള്ളുകയാണ് നല്ലത്."

IV. ഉപസംഹാരം. ഈ നിരൂപണത്തെ ഇവിടെ അവസാനിപ്പിക്കാം. സഭ ഒന്നും അതിലെ വിശ്വാസവിഷയങ്ങൾ ഐകവ്യമാണെന്നും ഈ ഭാഗത്തു ഫാദർ സമർത്ഥിച്ചിരിക്കുന്നതിനെ ഞങ്ങൾ സമ്മതിക്കുന്നു. സഭ ഒന്നു മാത്രമേ ഉണ്ടായിരിക്കാവു എന്നും, മതത്തിൻെറ അടിസ്ഥാനസത്യങ്ങളിൽ അവർ ഏകാഭിപ്രായമുള്ളവരായിരിക്കണമെന്നും പരിശുദ്ധവേദം ഉൽഘോഷിക്കുന്നതിനെ ഞങ്ങളും അംഗീകരിക്കുന്നു. എന്നാൽ ആ സത്യസഭ റോമാസഭയോ അതിൻെറ അനുഗതസഭകളോ അല്ലെന്നും പുതിയനിയമോപദേശപ്രകാരം രൂപീകരിക്കപ്പെട്ട മാനസാന്തരപ്പെട്ടവരുടെ വിശുദ്ധസംഘമാണെന്നും ഞങ്ങൾ അഭിപ്രായപ്പെടുന്നു. ജീവൻെറ വചനത്തിനു ചെവികൊടുത്തു് അതിനെ ഹൃദയപൂർവ്വം വിശ്വസിച്ചു് അതിൻെറ ബാഹ്യചിഹ്നമായി വിശ്വാസസ്നാനം സ്വീകരിച്ചു വേദാനുസരണമായ സഭയുടെ വ്യവസ്ഥിതി പാലിച്ചു കർത്തൃഭോജനം നടത്തി ലോകത്തെയും ലോകാഡംബരത്തെയും വെറുത്തു ത്യാഗബുദ്ധികളായി എങ്കിലും ധർമ്മകർമ്മപരിപാലകന്മാരായി സത്യമണവാളനായ ക്രിസ്തുദേവൻെറ വരവിനുവേണ്ടി കാത്തിരിക്കുന്ന ജനസംഘമത്രേ പുതിയനിയമപ്രകാരമുള്ള സഭ. ഏവംവിധമുള്ള വിശുദ്ധസമൂഹത്തിനു പകരം ജനം, ധനം, മാനം, വിജ്ഞാനം, അജ്ഞാനം, മനുഷ്യാധികാരം ഇവകൊണ്ടു പരിപുഷ്ടമായിട്ടുള്ള റോമാസഭയെ തൽസ്ഥാനത്തു വയ്ക്കുന്നതു പരാക്രമികളാൽ സുഘടിതമായിട്ടുള്ള സേനയ്ക്കു പകരം ഉറാങ്ങ് ഔട്ടാങ്ങ് എന്നുള്ള ഒരുമാതിരി

കരങ്ങുവസ്ത്രങ്ങളെക്കൊണ്ടു പട്ടാളം ചെയ്തു ക്രൂതാൎത്ഥരാക്കപ്പെടുന്നതുപോലെയാണ്. സന്മാൎഗ്ഗനടപടികളെ അവഗണിക്കുന്നതിലും പൊന്നും വെള്ളിയും ലൌകികവിദ്യയും വൎദ്ധിപ്പിക്കുന്നതിലും കാശുവിലയില്ലാത്ത കഥയില്ലാത്ത മൂഢതന്ത്രങ്ങളെ പഠിപ്പിക്കയും സ്വമത വിശ്വസിക്കയും ചെയ്യുന്നതിലും റോമാസഭയുടെ ഭയങ്കരവീഴ്ച തെളിഞ്ഞുകാണ്മാൻ കഴിയും. ഒന്നാം നൂറ്റാണ്ടിലെ സാധുക്കളായ ക്രൈസ്തവരുടെ സമൂഹത്തോട് ഇരുപതാംനൂറ്റാണ്ടിലെ പാരിച്ച റോമാസഭയെ എന്റെ വായനക്കാർ ഒന്നു തുലനം ചെയ്തുനോക്കുവിൻ. പൊന്നും വെള്ളിയും ഞങ്ങൾക്കില്ല എന്നു പറഞ്ഞ പത്രോസ്, യോഹന്നാൻ മുതലായവരെയും തങ്കക്കോപ്പിലിറങ്ങി മുങ്ങി വിലസുന്ന റോമാസഭയുടെ പ്രധാനപുരോഹിതന്മാരെയും ഒന്നു താരതമ്യപ്പെടുത്തുവിൻ. ഇതുസംബന്ധമായി പറവാൻ ഞങ്ങളുടെ മനസ്സിൽ ശക്തിയോടു തള്ളിക്കയറി വരുന്ന ആയിരമായിരം സംഗതികളെ വിസ്താരഭയം നിമിത്തം തടഞ്ഞുകൊണ്ടും, വിശുദ്ധ ബെർനാർഡ് മൂന്നാം യൂജീനിയസ്സ് പാപ്പാക്കെഴുതിയ ശാസനാലേഖനം വായിച്ചുനോക്കുവാൻ ഫാദറിനോടാവശ്യപ്പെട്ടുകൊണ്ടും ഈ വിമൎശത്തിൽ നിന്നു ഞങ്ങൾ വിരമിക്കുന്നു.

## അന്തിക്രിസ്തു

(തുടൎച്ച)

### ശ്രീ യോഹന്നാന്റെ കാഴ്ച.

പത്മോസ് ദ്വീപിൽവെച്ചു അപ്പോസ്തലനായ യോഹന്നാൻ അന്തിക്രിസ്തുവിനെക്കുറിച്ചു കണ്ട ദൎശനം ഇപ്രകാരമായിരുന്നു. അവൻ കടല്പുറത്തെ മണലിന്മേൽ നിന്നു. അപ്പോൾ പത്തു കൊമ്പും ഏഴു തലയും കൊമ്പുകളിൽ പത്തു രാജമുടിയും തലയിൽ ദൂഷണനാമങ്ങളും ഉള്ളൊരു മൃഗം സമുദ്രത്തിൽനിന്നു കയറുന്നതു ഞാൻ കണ്ടു. ഞാൻ കണ്ട മൃഗം പുള്ളിപ്പുലിക്കു സദൃശവും അതിന്റെ കാൽ കരടിയുടെ കാൽ പോലെയും വായ് സിംഹത്തിന്റെ വായ് പോലെയും ആയിരുന്നു. അതിനു മഹാസൎപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു. അതിന്റെ തലകളിൽ ഒന്നു മരണകരമായ മുറിവേറ്റതുപോലെ ഞാൻ കണ്ടു. അതിന്റെ മരണകരമായ മുറിവു പൊറുത്തുപോയി. സൎവ്വഭൂമിയും മൃഗത്തെ കണ്ടു വിസ്മയിച്ചു. മൃഗത്തിന് അധികാരം കൊടുത്തതുകൊണ്ടു അവർ മഹാസൎപ്പത്തെ നമസ്കരിച്ചു. "മൃഗത്തോടു തുല്യൻ ആർ? അതിനോടു പൊരുതുവാൻ ആൎക്കു കഴിയും?" എന്നു പറഞ്ഞു മൃഗത്തെയും നമസ്കരിച്ചു. വമ്പും ദൂഷണവും സംസാരിക്കുന്ന വായ് അതിനു ലഭിച്ചു. നാ-

ല്പത്തിരണ്ടു മാസം പ്രവർത്തിപ്പാൻ അധികാരവും ലഭിച്ചു. അതു ദൈവത്തിന്റെ നാമത്തെയും കൂടാരത്തെയും സ്വർഗ്ഗത്തിൽ വസിക്കുന്നവരെയും ദുഷിപ്പാൻ ദൈവദൂഷണത്തിനായി വായ് തുറന്നു. വിശുദ്ധന്മാരോടു യുദ്ധം ചെയ്തു് അവരെ ജയിപ്പാനും അതിന് അധികാരം ലഭിച്ചു. സകലഗോത്രത്തിന്മേലും, വംശത്തിന്മേലും, ഭാഷമേലും, ജാതിമേലും അധികാരവും ലഭിച്ചു. ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരെഴുതിയിട്ടില്ലാത്ത ഭൂവാസികളൊക്കെയും അതിനെ നമസ്കരിക്കും.

ഈ മൂർക്കാഴ്ചകൾ നാം കാണുകയും അവയെ താരതമ്യവിവേചനം ചെയ്യുകയും, ദാനിയേലിന്റെ ചെറിയ കൊമ്പിന്റെയും, പൌലൂസിന്റെ പാപമനുഷ്യന്റെയും, യോഹന്നാന്റെ മൃഗത്തിന്റെയും പരസ്പരതുല്യത നാം ഗ്രഹിക്കുകയും ദാനിയേലിന്റെ ചെറിയ കൊമ്പും യോഹന്നാന്റെ മൃഗവും ഒരു കാലഘട്ടവിൽ അതായതു് (നാല്പത്തിരണ്ടു മാസങ്ങളോളം) അത്ഥാൽ മൂന്നര വർഷം മുഴുവൻ ഇരിക്കുന്നതായി നാം കാണുകയും; ദാനിയേലിന്റെ ചെറിയ കൊമ്പും പൌലൂസിന്റെ പാപമനുഷ്യനും യോഹന്നാന്റെ മൃഗവും യാതൊരു വ്യത്യാസവും കൂടാതെ ഒരേ രീതിയിൽ ക്രിസ്തുവിന്റെ രണ്ടാംവരവിൽ സംഹരിക്കപ്പെടുകയും ചെയ്യുന്നതിനെ നാം ശ്രദ്ധിക്കുകയും ചെയ്യുമ്പോൾ അവയെല്ലാം സാത്താന്റെ വ്യാപാരത്തിൻപ്രകാരമുള്ളതും 1 യോഹ: 2: 18-ൽ യോഹന്നാൻ അന്തിക്രിസ്തു എന്നു വിളിച്ചിരിക്കുന്നതുമായ ഭയങ്കരവ്യക്തിയാകുന്നു എന്നു വെളിപ്പെടുന്നു. മേൽവിവരിച്ചതിൽ പറഞ്ഞതാൽ പ്രവചനത്തിൽ മൂന്നു സാദൃശ്യങ്ങൾ [illegible] സമയത്തു് അഭിനയത്തിനായി രംഗപ്രവേശം ചെയ്യുകയും ഒരേസ്ഥലത്തു, അഥവാ, സംസ്ഥാനത്തു് അരങ്ങേറുകയും, ഒരേ സ്വഭാവവിശേഷത്തെ പ്രദർശിപ്പിക്കുകയും, ഒരേപ്രവൃത്തി തന്നെ ചെയ്യുകയും ഒരേ കാലയളവുതന്നെ ജീവിച്ചിരിക്കുകയും, ഒടുവിൽ ഒരേവിധമായ അവസാനത്തിൽ എത്തുകയും ചെയ്യുന്നതായി നാം കാണുന്നതിനാൽ അവ ഒന്നിന്റെ പല രൂപത്തിലുള്ള പ്രദർശനങ്ങൾ തന്നെയെന്നു നിസ്സംശയം നമുക്കു അഭിപ്രായപ്പെടാം.

ഇനിയും നമുക്കു യോഹന്നാൻ കണ്ട ഏഴു തലയും പത്തു കൊമ്പും ഉള്ള മൃഗവും, ദാനിയേലിന്റെ ദർശനത്തിലെ നാലാം മൃഗവും തമ്മിലുള്ള താരതമ്യം നോക്കാം.

ഈ രണ്ടു മൃഗങ്ങളും കടലിൽ (ജനസമുദായത്തിൽ) നിന്നു വന്നവയാണ്. കൂടാതെ നാം കേട്ടിട്ടുള്ള യാതൊരു മൃഗത്തോടും ഇവയെ സാദൃശ്യപ്പെടുത്താവുന്നതല്ല. ദാനിയേലിന്റെ മൃഗം

ഘോരവും, ഭയങ്കരവും, അതിബലമുള്ളതുമായിരുന്നു. അതിന് ഇരുമ്പുപല്ലുകളും താമ്രനഖങ്ങളുമുണ്ടായിരുന്നു. യോഹന്നാന്റെ മൃഗമോ കരടിയുടെ കാലും, സിംഹത്തിന്റെ വായും, പുള്ളിപ്പുലിയുടെ ഉടലും ഉള്ളൊരു മൃഗം. ദാനിയേലിന്റെ മൃഗം നാലാം രാജ്യമായ റോമാസാമ്രാജ്യമാകയാൽ പ്രാചീനറോമയുടെ സ്വഭാവഗുണത്തെ കാണിക്കുന്നതും; യോഹന്നാന്റെ മൃഗമോ, പുനർജ്ജനിതമായ നവീനറോമാസാമ്രാജ്യത്തിന്റെ നിദർശനവും ആയിരുന്നു. പഴയ റോമാ അതിബലവത്തും അതിന്റെ പിടുത്തവും ശക്തിയും ഇരുമ്പുപല്ലും താമ്രനഖമുള്ള മൃഗത്തിന്റേതുപോലെയും ആയിരുന്നു. യോഹന്നാന്റെ മൃഗം അതായതു പുനർജ്ജനിതമായ റോമാ നാലു സാമ്രാജ്യത്തിന്റെയും സ്വഭാവഗുണത്തെ തന്നിൽ തന്നെ വഹിക്കുന്നതായിരുന്നു. രണ്ടു മൃഗങ്ങൾക്കും പത്തു കൊമ്പുകൾ വീതമുണ്ടായിരുന്നു എന്നുള്ളതു നെബൂഖദ്നേസർ കണ്ട ബിംബത്തിന്റെ പത്തു വിരലുകളാൽ കുറിക്കപ്പെട്ട കാലത്തു കൊമ്പുകളുടെ പൊരുളായ പത്തു രാജാക്കന്മാർ എഴുന്നേൽക്കുമെന്നുള്ളതിനെ കാണിക്കുന്നു. പത്തു കൊമ്പുകൾ പത്തു രാജാക്കന്മാരാണെന്നു ദാനിയേൽപ്രവചനത്തിൽ പറഞ്ഞിട്ടുള്ളതു കൂടാതെ വെളിപാടിലും പറഞ്ഞിട്ടുണ്ട്. വെളി: 17: 12. ഈ രാജാക്കന്മാർ ശിലാസാമ്രാജ്യം അഥവാ, ക്രിസ്തുവിന്റെ സഹസ്രാബ്ദരാജ്യത്തിന്റെ സ്ഥാപനത്തിന് അടുത്തു മുമ്പു ജീവിച്ചിരിക്കും. ഇതിൽനിന്നു നമുക്കു മനസ്സിലാകുന്നതു റോമാസാമ്രാജ്യം ഒടുവിൽ പത്തു രാജ്യങ്ങളായി വിഭജിക്കപ്പെടുകയും, ആ, വിഭക്തരാജ്യങ്ങൾ അന്യോന്യം കൂട്ടുകെട്ടുള്ള നിലയിൽ കണ്ടെത്തപ്പെടുകയും ചെയ്യുമെന്നാകുന്നു.

രണ്ടു മൃഗങ്ങൾക്കും പത്തു കൊമ്പുകൾ ഇരിക്കെ അവയ്ക്കു തമ്മിലുള്ള വ്യത്യാസം യോഹന്നാന്റെ മൃഗത്തിന് ഏഴു തലകൾ ഉണ്ടായിരുന്നു എന്നുള്ളതും, ദാനിയേലിന്റെ മൃഗത്തിന് ഒരു തല മാത്രം ഉണ്ടായിരുന്നു എന്നുള്ളതുമാകുന്നു. കൂടാതെ ദാനിയേലിന്റെ മൃഗത്തിന്റെ തലയിൽ ഉണ്ടായിരുന്ന പത്തു കൊമ്പുകളുടെ ഇടയിൽ ഒരു ചെറിയ കൊമ്പു മുളച്ചുവന്ന കഥ യോഹന്നാന്റെ മൃഗത്തിന്റെ പത്തു കൊമ്പുകളുടെ ഇടയിൽ കാണുന്നില്ല. ഇതാകുന്നു പ്രസ്തുതമൃഗത്തിന്റെ അന്ത്യനിലയിലുള്ള വിശേഷം. മാത്രമല്ല, ദാനിയേലിന്റെയും യോഹന്നാന്റെയും മൃഗങ്ങളെ അന്യോന്യം സൂക്ഷ്മത്തോടു താരതമ്യപ്പെടുത്തിയതില്ലാതെ മൃഗത്തിന്റെ അന്തിമദശയെക്കുറിച്ച് അറിവാൻ നമുക്കു കഴിയുന്നതല്ല. കാരണം ദാനിയേലിന്റെ മൃഗത്തിന്റെ ചെറിയ കൊമ്പു പത്തു കൊമ്പുകളിൽ മൂന്നിനെ വേരോടെ പിഴുകയും അവയെ നശിപ്പിക്കയും അവരുടെ രാജ്യത്തെ എടുത്തുകളകയും ചെയ്യുന്നു. ഇതു യോഹന്നാൻ നമ്മോടു പറവാൻ വിട്ടു

പോയ സംഗതിയാണ്. കൂടാതെ ദാനിയേലിന്റെ മൃഗത്തിന്റെ അന്തിക്രിസ്തുപ്രകൃതി അതിന്റെ ചെറിയ കൊമ്പിൽ കാണുന്നു. അതിന്റെ നടത്ത ഒരു അംശമാത്രമല്ലോ; പിന്നെയോ യോഹന്നാൻ കണ്ട മൃഗത്തിന്റെ മുഴുഭാഗത്തോടു ചേരുന്നതായും. അതിനോളം കാലം, അതായതു കാലവും കാലങ്ങളും കാലാർദ്ധവും (നാല്പത്തിരണ്ടു മാസം) നിലനിൽക്കുന്നതായും നാം കാണുന്നു.

കടലിൽനിന്നു കയറുന്നതായി യോഹന്നാൻ കണ്ട മൃഗത്തെ പരിശോധിച്ച് അതിന്റെ പലവിധമായ അവയവങ്ങളുടെ അർത്ഥത്തെ കണ്ടുപിടിക്കാൻ ഉദ്യമിക്കുകയാകുന്നു അടുത്തു വേണ്ട ശ്രമം.

ഈ മൃഗത്തെക്കുറിച്ചു രണ്ടു വിവരണങ്ങൾ നമുക്കുണ്ട്. മുമ്പ് നാം കണ്ടതുപോലെ ദാനിയേലിന്റെ നാലാം മൃഗം, ബി. സി. 30-ൽ തുടങ്ങി. അതു് ഒരു ജനസമുദായം എന്ന നിലയിൽ നിന്ന് എപ്പോൾ വിസ്താരമേറിയ അത്രയും വ്യാപ്തിയുള്ള റോമാസാമ്രാജ്യത്തെ കാണിക്കുന്നു. എ. ഡി. 364-ൽ സഭാഭിന്നതയുടെ ഫലമായി അതു കിഴക്കും പടിഞ്ഞാറും ഭാഗമായി വിഭജിക്കപ്പെട്ട് അതു് ഒരു ലോകൈകശക്തി എന്ന നിലയിലുള്ള അതിന്റെ സാമുദായികജീവനെ നഷ്ടപ്പെടുത്തി. എന്നിരിക്കിലും ഗ്രീക്കുസഭയിലും റോമാസഭയിലും ഇന്നും കാണുന്നതുപോലെയുള്ള മതരൂപത്തിലുള്ള അതിന്റെ നിലയും സ്വാധീനതയും ഇതുവരെ നഷ്ടപ്പെടുത്തിയിട്ടില്ല. നമ്മുടെ ലോകത്തിൽ ഇപ്പോൾ പ്രാമുഖ്യം വഹിക്കുന്നതു റോമൻ ലോകമാകുന്നു. ഇങ്ങനെയെങ്കിൽ റോമാസാമ്രാജ്യം നിന്നുപോയി എന്നു പറവാൻ പാടില്ല. യോഹന്നാന്റെ മൃഗത്തിന്റെ വർണ്ണനയിൽ കാണുന്നതുപോലെ അതിന്റെ അന്ത്യനിലയിലുള്ള പദ്ധതിയെക്കുറിച്ചു നാം ഇപ്പോൾ വിചിന്തനം ചെയ്യും.

യോഹന്നാൻ കണ്ട മൃഗത്തിന്റെ മതൽകൊടുത്തിട്ടുള്ള വിവരണങ്ങളിൽ മൃഗം എന്നതുകൂടാതെ രണ്ടർത്ഥങ്ങളെ ധരിക്കുന്നതു മുഖ്യമായിട്ടുള്ള ഒന്നാണ്. അതു പുനരുത്ഥിതമായ റോമാസാമ്രാജ്യത്തെയും അതിന്റെ രാജകീയശിരസ്സാകുന്ന അന്തിക്രിസ്തുവിനെയും കാണിക്കുന്നു. അന്തിക്രിസ്തു അഗാധത്തിൽ നിന്നു കയറിവരുന്നതുപോലെ പുനരുത്ഥിതറോമാസാമ്രാജ്യം ജനസമുദായക്കടലിൽ നിന്നു പൊന്തിവരുന്നതായി കാണിച്ചിരിക്കുന്നു. ദൃഷ്ടാന്തമായിട്ടു യോഹന്നാന്റെ കാലത്തുണ്ടായിരുന്ന റോമാസാമ്രാജ്യത്തെക്കുറിച്ചു് ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും എന്നു പറവാൻ നിവൃത്തിയില്ലായിരുന്നു. കാരണം റോമാസാമ്രാജ്യം യോഹന്നാന്റെ നാളുകളിൽ അതിന്റെ അധികാരശക്തിയുടെ അത്യുച്ചതയെ പ്രാപിച്ചിരുന്നു. മാത്രമല്ല, കേവലം റോമാസാമ്രാജ്യത്തെപ്പറ്റി അതു് അഗാധത്തിൽ നിന്നു കയറി നാശത്തിലേക്കു പോ

കൂടാതിരിക്കുന്നു എന്നു പറവാൻ പാടില്ല. ആ വാചകം ഒന്നിനെ സംബന്ധിക്കുന്നതായി മാത്രമേ പറവാൻ പാടുള്ളൂ. കൂടാതെ മൃഗത്തിന്റെ ഉടലും അതിന്റെ തലയും കൊമ്പുകളും വ്യത്യാസപ്പെടുത്തി ധരിക്കണം. പുള്ളിപ്പുലിയുടെ ഉടലും കരടിയുടെ കാലും സിംഹത്തിന്റെ വായും ഉള്ള ജീവി പുറത്തുവരുമ്പോൾ അതിന്റെ അന്ത്യസ്ഥിതിയിൽ അതിനു മുമ്പുള്ള സാമ്രാജ്യങ്ങളുടെ സ്വഭാവങ്ങൾ ഒത്തുകൂടിയിരിക്കും എന്നു കാണിക്കുന്നു. കൂടാതെ ജീവിയുടെ ഒരു വലിയ ഭാഗമായ ഉടൽ പുള്ളിപ്പുലിയുടേതാകകൊണ്ടു പുനരുത്ഥിതമാകുമ്പോൾ പ്രധാനമായിരിക്കുന്ന സ്വഭാവവിശേഷം ഗ്രീസിന്റേതായിരിക്കും എന്നു ഊഹിക്കുവാൻ ഇടയാകുന്നുണ്ട്.

പതിമൂന്നാം അദ്ധ്യായത്തിൽ കാണുന്നപ്രകാരം കടലിൽ നിന്നു കരേറിവരുന്ന മൃഗം ഏഴു തലകളും പത്തു കൊമ്പുകളും ഉള്ളതായും പ്രസ്തുത കൊമ്പുകൾ മുടി ധരിച്ചതായും കാണുന്നു. ഇതു പ്രസ്തുത സാമ്രാജ്യം അതിന്റെ ശക്തിയുടെ ഉച്ചസ്ഥാനത്തു്. അതിന്റെ തലകൾ ഏഴുപേർ ഉള്ളതായും പത്തായി വിഭജിക്കപ്പെട്ടിരിക്കുന്ന സാമ്രാജ്യത്തിന്റെ പത്തു് അധിപന്മാർ കിരീടം വച്ചു വാഴുന്നതായും അർത്ഥമാക്കപ്പെടുന്നതാണ്. കൂടാതെ ആഴത്തിൽ നിന്നു വരുന്ന മൃഗത്തിനു് ഏഴു തലകളും പത്തു കൊമ്പുകളുമുണ്ട്. എന്നാൽ പത്തു കൊമ്പുകൾക്കു കിരീടം ഇല്ല. കാരണം അവർ ഇതുവരെയും രാജത്വം പ്രാപിച്ചിട്ടില്ല. (വെളിപാടു 17: 12) വെളിപാടു 17-ൽ കാണുന്ന മൃഗം എഴുപതാം ആഴ്ചവട്ടത്തിന്റെ ആരംഭത്തിലുള്ള അന്തിക്രിസ്തുവാണെന്നു് ഇതിനാൽ മനസ്സിലാകുന്നു. ഈ അഭിപ്രായത്തെ ഉറപ്പിക്കുന്നതിനോ എന്നു തോന്നുംവണ്ണം ഈ നിലയിൽ സ്ത്രീ മൃഗത്തെ ഭരിക്കുന്നതായി അഥവാ സവാരി ചെയ്യുന്നതായി കാണിക്കപ്പെട്ടിരിക്കുന്നു. പതിനേഴാം അദ്ധ്യായം ധൂമ്രവും രക്താംബരവും ധരിച്ച സ്ത്രീയെ കാണിച്ചിരിക്കുന്നതിനാൽ ആഴ്ചവട്ടത്തിന്റെ ആരംഭമുതൽ അവൾ ആ മൃഗത്തിന്മേൽ സവാരി ചെയ്യുന്നു എന്നു കാണാവുന്നതാണ്. കാരണം സത്യസഭ എടുത്തുകൊള്ളപ്പെട്ടതിനു ശേഷം രാജ്യാധികാരസ്ഥാനത്തേക്കു് എത്തുന്ന പാപ്പാസഭയെ അതു കാണിക്കുന്നു. അന്തിക്രിസ്തുവിനു മുമ്പുണ്ടാകുന്ന യുദ്ധങ്ങൾക്കിടയിൽ പഴയ റോമാസാമ്രാജ്യത്തിന്റെ അതിർത്തിയിൽപെട്ട ജനസമുദായങ്ങൾ പരസ്പരസംരക്ഷണത്തിനു വേണ്ടിയുള്ള ഒരു സഖ്യം ചെയ്യും. അതു് എണ്ണത്തിൽ പത്തു കൊമ്പുകളാൽ കാണിക്കപ്പെട്ട പത്തു ജനവർഗ്ഗങ്ങളുടെ പ്രതിനിധികളായിരിക്കും. ആ നടപടികളിൽ പാപ്പാ മുഖ്യമായ മദ്ധ്യസ്ഥതയിൽ ഒരു പങ്കെടുക്കുന്നതാണ്; സംശയമില്ല. ഇതിനുള്ള പ്രതിഫലമായി റോമാസഭയ്ക്കു് അവളുടെ രാജ്യാധികാരം (Political

power) അനു തിരിച്ചു കിട്ടുന്നതായിരിക്കും. ഇങ്ങനെ സഭയുടേയും രാജ്യത്തിന്റേയും ഐക്യമുണ്ടാകും. അതിൽ സഭയ്ക്കായിരിക്കും ഭരണം കിട്ടുന്നത്. ഇതിനാലല്ലോ സ്ത്രീ മൃഗത്തെ നടത്തുന്നതായി കാണിച്ചിരിക്കുന്നത്. എന്നാൽ പത്തു രാജാക്കന്മാർ രാജ്യം ലഭിക്കയും അവർ കിരീടം ധരിക്കയും ചെയ്യുമ്പോൾ അവർ വേശ്യയെ ദ്വേഷിച്ചു ശൂന്യയും നഗ്നയുമാക്കി അവളുടെ മാംസം തിന്നുകയും അവളെ തീകൊണ്ടു ചുട്ടുകളകയും ചെയ്യും. (വാ: 16.)

വെളിപ്പാട് 17: 9-ൽ മൃഗത്തിന്റെ ഏഴു തല ഏഴു മലകളാകുന്നു എന്നു പറഞ്ഞിട്ട് അടുത്ത വാക്യത്തിൽ അവ ഏഴു രാജാക്കന്മാരുമാകുന്നു എന്നും പറഞ്ഞുകാണുന്നു. അഞ്ചു പേർ വീണുപോയി, ഒരുത്തൻ ഉണ്ട്; മറ്റവൻ ഇതുവരെയും വന്നിട്ടില്ല. വന്നാൽ പിന്നെ അവൻ കുറഞ്ഞൊരുകാലത്തേക്ക് ഇരിക്കേണ്ടതാകുന്നു. വീണതായി പറയുന്ന ആദ്യത്തെ അഞ്ചു രാജാക്കന്മാർ ആരാണെന്നു നമുക്ക് അറിഞ്ഞുകൂടാ. യോഹന്നാന്റെ കാലത്തു വാണിരുന്നത് അവനെ നാടുകടത്തിയ ഡൊമീഷ്യാൻ കൈസർ ആയിരുന്നു. ഒടുവിലത്തവൻ അതായതു വരുവാനുള്ള ഏഴാമൻ തീർച്ചയായും അന്തിക്രിസ്തു തന്നെ. വെളി: 13: 3-ൽ ഏഴു തലകളിൽ ഒന്ന് അതായതു ഏഴു രാജാക്കന്മാരിൽ ഒരുവനു മരണകരമായ ഒരു മുറിവ് ഉണ്ടായി എന്നു വായിക്കുന്നു. ആരാണെന്ന് എന്നു പറഞ്ഞിട്ടില്ല. എന്നാൽ ഊഹിപ്പാൻ ന്യായമുള്ളത് അത് ഒടുവിലത്തെ തലയെന്നാണ്. കാരണം ഒന്നിനു മുറിവേൽക്കുന്നതിനു മുമ്പേ മൃഗത്തിനു മറ്റു തലകൾ എല്ലാം ഉണ്ടായിരുന്നു. വെളി: 17: 11-ൽ ഉണ്ടായിരുന്നവനും ഇല്ലാത്തവനുമായ മൃഗം എട്ടാമത്തവനും ഏഴുവരിൽ ഉൾപ്പെട്ടവനും തന്നെ. നാശത്തിലേക്കു പോകുകയും ചെയ്യുന്നു എന്നുകാണുന്ന വാക്യത്തിന്റെ ശരിയായ അർത്ഥം താഴെ വരുന്നപ്രകാരമാകുന്നു. ഏഴാമത്തെ തലയാകുന്ന അന്തിക്രിസ്തു അത്രേ മരണകരമായ മുറിവേറ്റതു. പക്ഷേ അവൻ ആരുടെ കയ്യാലോ കൊല്ലപ്പെട്ടു സംസ്കരിക്കാത്ത സ്ഥിതിയിൽ ശരീരം ഇരിക്കുമ്പോൾ അവൻ മരിച്ചവരിൽ നിന്നെഴുന്നേറ്റു (വെളി: 13: 14) ഏഴാമത്തവനെങ്കിലും എട്ടാമത്തവനായി തീരുന്നു. അന്തിക്രിസ്തുവിന്റെ ഈ ഉയിർപ്പിനാൽ സാത്താൻ ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ അനുകരിക്കയും ലോകർ ആ മൃഗത്തിന്റെ പിന്നാലെ അതിശയം പൂണ്ടുകൊണ്ടു നടക്കുകയും (വെളി: 13: 3) ഇതിനാൽ അവന്റെ ജനസമ്മതവും അധികാരശക്തിയും പൂർവ്വാധികം വർദ്ധിക്കുകയും ചെയ്യുന്നു. ഈ സാത്താൻ സ്വർഗ്ഗത്തിൽ നിന്നു തള്ളപ്പെടുന്ന അവസരമായ ആഴ്ചവട്ടത്തിന്റെ മദ്ധ്യത്തിൽ സംഭവിക്കുന്നു എങ്കിൽ അന്തിക്രിസ്തുവിലുണ്ടാകുന്ന വലിയ ഭയങ്കരമാറ്റത്തിന് ഇതായിരിക്കും പക്ഷേ കാരണമായി ഭവിക്കുന്നത്.

എന്തെന്നാൽ ഈ മാരകമായ മുറിവ് ഏല്ക്കുന്നതിനു മുൻപ് ഇവൻ മധുരസ്വഭാവിയും സ്നേഹിക്കത്തക്കവനും ആയിരിക്കും. എന്നാൽ അവന്റെ ഉയിർപ്പിന്റെ അഥവാ അവന്റെ ഹിംസോപശാന്തിയുടെ ശേഷം അവനിൽ സാത്താൻ അവതരിക്കുന്നതിന്റെ ഫലമായി അവൻ പൈശാചികനായി തീരുന്നു. ഈ അവസരത്തിലാണ് അവൻ യഹൂദന്മാരുമായുള്ള ഉടമ്പടിയെ ലംഘിക്കുകയും വിനാശകനാകുന്ന തന്റെ പ്രതിരൂപമായ നാശമാകുന്ന വെറുപ്പിനെ സ്ഥാപിക്കുന്നതിനാൽ ദൈവാലയത്തെ വഷളാക്കുകയും ചെയ്യുന്നതു്. ദാനിയേൽ കണ്ട നാലാം മൃഗത്തിന്റെ ചെറിയ കൊമ്പെന്നപോലെ പത്തു രാജാക്കന്മാരിൽ മൂന്നു പേരെ അവൻ നശിപ്പിക്കുകയും അധികാരസ്ഥാനത്തു സ്വയം സ്ഥിരപ്പെടുകയും ചെയ്യുന്നു. അവൻ ചെറിയ കൊമ്പെന്നപോലെ പത്തു കൊമ്പുകൾ അഥവാ പത്തു സംയുക്തരാജ്യങ്ങൾ പ്രത്യക്ഷീഭവിച്ചതിന്റെ ശേഷമല്ലാതെ വെളിപ്പെടാത്തതുകൊണ്ട് അന്തിക്രിസ്തു ഐക്യബന്ധത്തെ ഉളവാക്കുന്നവനല്ല; പിന്നെയോ അതിൽനിന്നു ജനിച്ചു വരുന്നവനാകുന്നു എന്നു തെളിയുന്നു.

## III. അവന്റെ സ്വഭാവം.

അനേകതരം ശക്തികൾ കൂടിയവനായിരിക്കും അന്തിക്രിസ്തു. അവൻ നെബുഖദ്നേസറിന്റെയും, കോരേശിന്റെയും, മഹാനായ അലക്സാണ്ടറുടെയും സാമർത്ഥ്യവും അധികാരശക്തിയും കലർന്നിട്ടുള്ള ഒരു വിശ്രുതമനുഷ്യനായിരിക്കും. വീണ്ടുംജനിക്കാത്ത മനുഷ്യരെ ആകർഷിക്കുന്നതിനുള്ള അത്ഭുതകരമായ ശക്തി അവനുണ്ടായിരിക്കുന്നതു കൂടാതെ അവന്റെ രൂപവും ആകർഷണീയമായിരിക്കും. അവന്റെ സമ്പൂർണ്ണതാരൂപമായ പ്രകൃതി, അതിമാനുഷമായ ജ്ഞാനം, ഭരണശക്തി, രാജ്യതന്ത്രകൌശല്യം ഇത്യാദി ഗുണങ്ങൾ അവനെ ജനങ്ങളുടെ ഇടയിൽ പ്രസിദ്ധനും പ്രമുഖനും ആക്കിത്തീർക്കും. ഈ വരങ്ങൾ എല്ലാം സാത്താൻ അവനു കൊടുത്തു്, അവനെ തന്റെ ആയുധമായും അതിമാനുഷനായും ആക്കിത്തീർത്ത് അവൻ ഒരു വലിയ പരോപകാരി എന്നും വിശിഷ്യ, യഹൂദന്മാരുടെ ഒരു വലിയ സ്നേഹിതനെന്നും, പ്രവാചകന്മാരാൽ വർണ്ണിക്കപ്പെട്ട സുവർണ്ണയുഗത്തെ ഭൂമിയിൽ അവതരിപ്പിക്കുന്നതിനു വന്നവനെന്നും അവരെ കൊണ്ടു സമ്മതിപ്പിക്കും. അവർ അവനെ തങ്ങളുടെ മശിഹാ ആയി കൈക്കൊൾകയും ചെയ്യും.

ഒരു ശക്തിമത്തായ വഞ്ചനകൊണ്ടും ഒരിക്കലും അഭേദ്യമായുള്ള വിജയം കൊണ്ടും അവൻ കൊല്ലപ്പെടുകയും തിരികെ എഴുന്നേൽക്കുകയും ചെയ്യുമ്പോൾ ഇവയിൽ ഒന്നും അവൻ നഷ്ടപ്പെടുത്തുകയില്ലെന്നു മാത്രമല്ല, ഇവയ്ക്കു പുറമേ മൂർത്തീകരിച്ചിട്ടുള്ള ദുഷ്ടതയും ദൈവദൂഷണവും കൂടുതലായി ഉണ്ടായിവരികയും ചെയ്യും.

അവൻ അത്യുന്നതന്നു വിരോധമായി വമ്പു പറകയും അത്യുന്നതനായവന്റെ വിശുദ്ധന്മാരെ ഒടുക്കിക്കളകയും സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കയും ചെയ്യും. ദാനിയേൽ 7: 5.

അവൻ നയബുദ്ധിയാൽ തന്റെ ഉപായം സാധിപ്പിക്കയും സ്വഹൃദയത്തിൽ വമ്പു ഭാവിച്ചു നിശ്ചിന്തയോടിരിക്കുന്ന പലരെയും നശിപ്പിക്കയും കർത്താധികർത്താവിനോടെതിർത്തുനിന്നു കൈ തൊടാതെ തകർന്നുപോകയും ചെയ്യും. ദാനിയേൽ 8: 25.

രാജാവോ ഇഷ്ടംപോലെ പ്രവർത്തിക്കും; അവൻ തന്നെത്താൻ ഉയർത്തി ഏതു ദേവനും മേലായി മഹത്വീകരിക്കയും ദൈവാധിദൈവത്തിന്റെ നേരെ അപൂർവ്വകാര്യങ്ങളെ സംസാരിക്കയും കോപം നിവൃത്തിയാകുവോളം അവൻ സാധിക്കയും ചെയ്യും. ദാനിയേൽ 11: 36. ആരും ഒരുവിധേനയും നിങ്ങളെ ചതിക്കരുത്. അതിന്നുമുമ്പെ വിശ്വാസത്യാഗം സംഭവിക്കയും നാശയോഗ്യനാം അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം. അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ട് ദൈവം എന്നു നടിച്ചു ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിനും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളിയത്രെ. നിങ്ങളോടുകൂടി ഇരിക്കുമ്പോൾ തന്നെ ഞാൻ ഇതു നിങ്ങളോടു പറഞ്ഞു എന്ന് ഓർക്കുന്നില്ലയോ? അവൻ സമയത്തിനു മുമ്പേ വെളിപ്പെടാതിരിക്കേണ്ടതിന് ഇപ്പോൾ തടുക്കുന്നത് എന്ത് എന്നു നിങ്ങൾ അറിയുന്നു. അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ട്. ഇതുവരെ തടുക്കുന്നവൻ വഴിയിൽനിന്നു നീങ്ങിപ്പോക മാത്രം വേണം. . . . . . . . . . . . . . . . . അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്ക് സാത്താന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം വ്യാജമായ സകലശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ ആയിരിക്കും. 2 തെസ്സ: 3_9.

മേൽ കാണിച്ചിട്ടുള്ള വേദവാക്യങ്ങളിൽ വിവരിച്ചിട്ടുള്ള പ്രകാരമുള്ള ഒരാൾ ഈ ഭൂമിയിൽ ഇതുവരെയും പ്രത്യക്ഷപ്പെട്ടിട്ടില്ല. ഇങ്ങനെയുള്ള ഒരാളിനെക്കുറിച്ച് ഊഹിച്ചറിവാൻ കഴിയുന്നതല്ല. യാതൊരെഴുത്തുകാരനും ഇങ്ങനെയുള്ള ഒരാളിനെ ശരിയായി വർണ്ണിപ്പാൻ തക്ക കല്പനാശക്തി ഉണ്ടായിരിക്കയില്ല.

## IV. അവന്റെ വാഴ്ച.

ഏഴു വർഷം അതായതു ദാനിയേലിന്റെ എഴുപതാം ആഴ്ചവട്ടം മുഴുവൻ, അവൻ വാഴും.

അവൻ ഒരാഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും. ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിറുത്തലാക്കിക്കളയും. ദാനി: 9 : 27.

സഭ എടുത്തുകൊള്ളപ്പെട്ടശേഷം യഹൂദന്മാർ തങ്ങളുടെ സ്വദേശത്തു മനസ്സുതിരിയാത്തവരായി കൂട്ടിച്ചേർക്കപ്പെടും. ഏകദേശം ഈ സമയത്തുതന്നെ പഴയ റോമാസാമ്രാജ്യംവക സംസ്ഥാനങ്ങളിൽ പാർക്കുന്ന പത്തു ജനവർഗ്ഗങ്ങൾ പരസ്പരസഖ്യത്തിൽ പ്രവേശിക്കും. ആ ജനവർഗ്ഗങ്ങളുടെ മേൽ ഭരിക്കുന്ന പത്തു രാജാക്കന്മാരുടെ ഇടയിൽ നിന്ന് അന്തിക്രിസ്തു പുറപ്പെട്ടുവരും. ക്ഷണത്തിൽ അവൻ ഒരു വലിയ നേതാവായി വെളിപ്പെടുകയും തന്മൂലം രാജ്യഭരണസഭയുടെ മേൽ പ്രസിഡണ്ടാക്കപ്പെടുകയും ചെയ്യും. അതും ഇതു് ഒരു ജനാധിപത്യഗവണ്മെന്റായിരിക്കും. പ്രസിഡണ്ടു യഹൂദന്മാരോട് ഒരു ഉടമ്പടി ചെയ്യും. അവരുടെ രാജ്യം അവർക്കു തിരിച്ചുകൊടുപ്പാനുള്ള ഒരു ഉടമ്പടി ആയിരിക്കും അതു്. അതു മരണത്തോടും നരകത്തോടും ചെയ്യുന്ന ഉഭയസമ്മതമായിരിക്കുമെന്നു യശയ്യാവു പറയുന്നു. യശയ്യാവ് 23: 15. പരസ്പരസഖ്യത്തിന്റെ അധിരാജനായ ഈ പ്രസിഡണ്ടു മൂന്നര വർഷത്തേക്കു നിയമത്തെ പാലിച്ചുകൊണ്ടിരിക്കും. അനന്തരം അതിനെ ലംഘിക്കും. അവന്റെ വാഴ്ചയുടെ ശിഷ്ടമുള്ള മൂന്നര വർഷങ്ങൾ അവൻ യഹൂദന്മാരുടെ നേരെ ഭയങ്കരമായ പീഡ ആരംഭിക്കും. ഇതിനു മഹാപീഡനകാലം എന്നു പേർ.

ഈ പീഡനം അവർക്കു മാത്രമായിരിക്കുക ഇല്ല. കാരണം സകലഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അവന്നു അധികാരം ലഭിക്കുന്നു. മാത്രമല്ല, കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരെഴുതീട്ടില്ലാത്ത ഭൂവാസികളൊക്കെയും അവനെ നമസ്കരിക്കും.

## V. അവന്റെ അവസാനം.

ഏഴു വർഷങ്ങളുടെ അവസാനത്തിൽ പത്തു സകലിതജാതികളുടെ ഐക്യസൈന്യങ്ങൾ യെരൂശലേംനഗരത്തെ പിടിക്കുന്നതിനായി അതിനു വടക്കുള്ള മെഗിദ്ദോതാഴ്വരയിൽ ഒന്നിച്ചുകൂടും. (സഖറിയ 14: 2) അന്നു യഹോവാ ദാവീദുഗൃഹത്തിന്മേലും യെരൂശലേം നിവാസികളുടെ മേലും കൃപയുടേയും യാചനകളുടേയും ആത്മാവിനെ പകരും. (സഖറിയ 12: 10) അനന്തരം കർത്താവു സ്വർഗ്ഗീയസൈന്യങ്ങളുടെ അധിപതിയായി അവരുടെ ഉദ്ധാരണത്തിനുവേണ്ടി വരും. (വെളിപാട് 19: 11-16.) ക്രിസ്തു ഒലിവുപർവ്വതത്തിൽ ഇറങ്ങുന്നതിനെ യഹൂദന്മാർ കാണും. (സഖറിയ 14: 4) അപ്പോൾ മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളും നമ്മുടെ കർത്താവിനെതിരായി യുദ്ധം ചെയ്വാൻ ഒ

നിഷ്കൃഷ്ടം. മൃഗവും കള്ളപ്രവാചകനും പിടിക്കപ്പെട്ടു ജീവനോടെ തീപ്പൊയ്കയിൽ തള്ളപ്പെട്ടു. സൈന്യത്തിൽ ശേഷിപ്പുള്ളവർ വെള്ളക്കുതിരപ്പുറത്തിരിക്കുന്നവൻെറ വാളിനാൽ കൊല്ലപ്പെട്ടു. ആകാശപക്ഷികൾ മഹാദൈവത്തിൻെറ അത്താഴത്തിനു ക്ഷണിക്കപ്പെടുകയും ചെയ്തു. അവ രാജാക്കന്മാരുടെ മാംസവും സഹസ്രാധിപന്മാരുടെ മാംസവും തിന്നു തൃപ്തിപ്പെട്ടു.

# സ്നാനത്തെക്കുറിച്ചുള്ള ഏതാനും നിരൂപണങ്ങൾ.

(തുടൎച്ച)

(മുന്നക്കം ൧൦൨-ാം ഭാഗത്തുനിന്നു തുടൎച്ച.)

ബി. ഗലാത്യ: 3: 27. ക്രിസ്തുവിങ്കലേക്കു സ്നാനപ്പെട്ടവരായ നിങ്ങൾ ഒക്കെയും ക്രിസ്തുവിനെ ഉടുത്തിരിക്കുന്നു. ക്രിസ്തുവിൽ സ്നാനപ്പെട്ടു തങ്ങളെത്തന്നെ അവനു കീഴ്പ്പെടുത്തുന്ന എല്ലാവരെ സംബന്ധിച്ചും സത്യമായിരിക്കുന്ന വേറെ ഒരു സാക്ഷ്യം ഇവിടെ കാണിക്കുന്നു. ഒരു യഹൂദനെ യഹൂദനായും യവനനെ യവനനായും ആണിനെ ആണായും പെണ്ണിനെ പെണ്ണായും മാനുഷദൃഷ്ടിയിൽ സങ്കല്പിക്കുന്നതുപോലെ ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരുവനെ ക്രിസ്തുവിലുള്ള ഏകത്വത്തിൻപ്രകാരം സങ്കല്പിക്കുന്നു. 23-ാം വാക്യം മുതൽ 29 വരെയും വായിച്ചാൽ ഒരു ക്രിസ്തുവിശ്വാസിയെക്കൊണ്ടുള്ള സത്യം ഗ്രഹിക്കാം. അവൻ ഒരിക്കൽ ന്യായപ്രമാണത്തിൻകീഴിൽ അടെക്കപ്പെട്ടിരുന്നു. 23-ാം വാ: ന്യായപ്രമാണത്തിൻെറ ഉപദേശപ്രകാരം അവൻ ക്രിസ്തുവിങ്കലേക്കു നടത്തപ്പെട്ടു. (24 വാ:) വിശ്വാസത്തിൻെറ ആത്മാവിനെ പ്രാപിച്ചുംകൊണ്ടു അവൻ ഗുരുവിൻകീഴിൽനിന്നു വിട്ടുമാറി. (25-ാം വാ:) ദൈവത്തെ അബ്ബാ പിതാവേ എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അവൻ ക്രിസ്തുവിശ്വാസത്താൽ പ്രാപിച്ചു. (26) ക്രിസ്തുവിനെ വിശ്വാസത്താൽ അങ്കിയായി ധരിച്ചു അവങ്കലേക്കു സ്നാനപ്പെട്ടു. (27) ക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ട പുതിയ സൃഷ്ടിയിൽ ഒരുവനായിട്ടു അവൻ തീൎന്നു. (28.) വിശ്വാസത്തിൻെറ അനുഗ്രഹങ്ങൾക്കെല്ലാം അവൻ ക്രിസ്തുവിനോടുകൂടെ അവകാശസന്തതിയായിത്തീരുകയും ചെയ്തു. (29). ഈ ഭാഗത്തു ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചു പറഞ്ഞിരിക്കുന്ന വാസ്തവങ്ങളിൽ അവനെ ന്യായപ്രമാണത്തിൽനിന്നു രക്ഷിച്ച വിശ്വാസത്തെയും അതിൻെറ പ്രകാശനമായ സ്നാനത്തെയും പുതിയനിയമ അനുഗ്രഹങ്ങളുടെ ആരംഭമായി കാണിച്ചിരിക്കുന്നു. ക്രിസ്തുവിനെ ധരിക്കുന്ന യഥാൎത്ഥത്തെ സ്നാനശുശ്രൂഷയോടു സംഘടി

പ്പിക്കുന്നതായി ഇവിടെ തെളിയുന്നു. വാഗ്ദത്തപുത്രനായ ഇസ്ഹാക്ക് അബ്രഹാമിന്റെ സകലത്തിനും അവകാശിയായിത്തീൎന്നതുപോലെ വിശ്വാസപുത്രനായ ക്രിസ്ത്യാനി ക്രിസ്തുവിൽ സൎവ്വാനുഗ്രഹങ്ങൾക്കും അവകാശിയായിത്തീരുന്ന വാസ്തവം സ്നാനത്തിൽ ഉറപ്പിക്കപ്പെടുന്നു. ന്യായപ്രമാണത്തിൻകീഴിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചവനായ വിശ്വാസി ക്രിസ്തുകൎത്താവിൽ സൎവ്വത്തിനും അവകാശം പ്രാപിച്ചിരിക്കുന്നതിനെ സാക്ഷിപ്പെടുത്തുന്നതിനു മുഖാന്തരമായ ഈ സ്നാനശുശ്രൂഷ എത്ര വാഴ്ത്തപ്പെട്ടതു്! അവിടെ അവൻ തന്റെ പഴയ ഗുരുവിന്റെ കീഴിൽനിന്നുള്ള ഉന്നതമായ പ്രവേശനത്തെ കാണിക്കുന്നു. നാശത്തിനു പാത്രമായിരുന്ന താൻ ക്രിസ്തുവിൽ സ്വൎഗ്ഗലോകങ്ങളിലെ സകല ആത്മികാനുഗ്രഹത്തിനും അവകാശിയായി തീൎന്ന സന്തോഷത്തെ വെളിപ്പെടുത്തുന്നു. ദൈവവൈരിയായിരുന്ന താൻ ക്രിസ്തുവിലുള്ള വിശ്വാസത്താൽ ദൈവമകനായി തീൎന്ന ഭാഗ്യത്തെ ഓൎപ്പിക്കുന്നു. ഇവയെല്ലാം സംഗതിയാക്കുന്ന സ്നാനശുശ്രൂഷയുടെ മാഹാത്മ്യം എത്ര വലുതു! ഹാ! ക്രിസ്തീയസഹോദരാ! കൎത്താവു നിന്നോടു കല്പിച്ചിരിക്കുന്ന ഈ വിശുദ്ധകൎമ്മം എത്രമാത്രം അനുഗ്രഹകരമായതെന്നു നീ അറിയുന്നുവോ? നിന്നെ സംബന്ധിച്ചിടത്തോളം ഈ കൎമ്മത്തിനു ഈ പ്രാധാന്യം കാണപ്പെട്ടുവോ? നീ സ്വവിശേഷവിശ്വാസിയായി ദൈവപൈതലായി ക്രിസ്തുയേശുവിൽ പുതിയ മനുഷ്യനായി തീൎന്നിരിക്കുന്നെങ്കിൽ നിശ്ചയമായും നീ അനുസരിച്ചിട്ടുള്ള സ്നാനത്തെ സംബന്ധിച്ചിടത്തോളം ഈ വലിപ്പങ്ങളെല്ലാം സത്യം തന്നെ. അല്ലെങ്കിലോ, നിന്റെ സ്നാനം അശേഷവും വ്യൎത്ഥമാകുന്നു എന്നോൎക്ക.

സി. 1 പത്രോ: 3: 20, 21. "ആ പെട്ടകത്തിൽ അല്പജനം അതായതു് എട്ടു പേർ വെള്ളത്തൂടെ രക്ഷിക്കപ്പെട്ടു. അതിനു സദൃശമായിട്ടു് ഇപ്പോൾ സ്നാനം ജഡത്തിന്റെ അഴുക്കിനെ കളയുന്നതു് എന്നല്ല, ദൈവത്തോടു നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയത്രേ. യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നിങ്ങളെയും രക്ഷിക്കുന്നു." ഇവിടെ നോഹയുടെ കാലത്തെ ജലപ്രളയത്തെയും അതിൽനിന്നു അല്പജനത്തിനുണ്ടായ രക്ഷയെയും ചൂണ്ടിക്കൊണ്ടു സ്നാനത്തെക്കുറിച്ചു പറയുന്നു. അതു ജഡത്തിന്റെ അഴുക്കിനെ കളയുന്നതല്ലെന്നും ദൈവത്തോടു നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയാണെന്നും പരിശുദ്ധാത്മാവു പറയുന്നു. ദുൎമ്മനസ്സാക്ഷിയിൽ ഇഷ്ടംപോലെ ജീവിതം കഴിച്ചുപോന്നവനായ ഒരുവൻ നല്ല മനസ്സാക്ഷിയെക്കുറിച്ചു വാഞ്ഛയുള്ളവനായിത്തീരുന്നു. തനിക്കു ഒരു നല്ല മനസ്സാക്ഷി കൂടിയേ തീരൂ എന്നു ദൈവത്തോടപേക്ഷിക്കുന്ന പ്രവൃത്തി എത്ര വാഴ്ത്തപ്പെട്ടതു്! മനുഷ്യർ ദൈവത്തോടും മനുഷ്യരോടും കുററമററ മനസ്സാക്ഷിയിൽ ജീവിതം കഴിക്കുമ്പോൾ മാത്രമേ അവർ തങ്ങളുടെ ജനനോദ്ദേശത്തെ നിവൃത്തിക്കുന്നുള്ളു.

എന്നാൽ പ്രാണമയനായ മനുഷ്യൻ, സ്വന്തമനസ്സാക്ഷിയിൽ തന്റെ ഇഷ്ടത്തിനൊത്തവണ്ണം നടക്കുന്നു. ഈ ഭയങ്കരമായ അവസ്ഥയിൽനിന്നു പരിശുദ്ധാത്മാവു തന്റെ വേലയാൽ ചിലരെ രക്ഷിക്കുന്നു. അവർ പാപബോധമുള്ളവരായി തങ്ങളുടെ ജീവിതത്തെ സൂക്ഷിച്ചുനോക്കുന്നു. അപ്പോൾ അവരെ നാശത്തിലേക്കു വലിച്ചുകൊണ്ടുപോകുന്നതായി തങ്ങൾ അകപ്പെട്ടു കിടക്കുന്ന കെണിയെക്കുറിച്ച് അവർക്കു നല്ല ഓർമ്മ വരുന്നു. മുടിയനായ മകനെപ്പോലെ തങ്ങളുടെ നാനാവിധങ്ങളെ ചൊല്ലി അവർക്കു വലുതായ വ്യസനമുണ്ടാകുന്നു. അപ്പോൾ തങ്ങളെ കഴിഞ്ഞ കാലത്തിൽ ചതിച്ചുകൊണ്ടിരുന്ന മനസ്സാക്ഷിയുടെ നേരെ അവർക്കു വലുതായ വൈരം ഉണ്ടാകുന്നു. കൃപ ഈ സമയം അവരെ ആശ്വസിപ്പിക്കുന്നു. ദൈവപുത്രൻ അവരുടെ ഹൃദയങ്ങളെ മുറി കെട്ടുന്നു. പരിശുദ്ധാത്മാവു മേലാൽ അവർക്കു വേണ്ട പരിശുദ്ധജീവിതത്തിനായി അവരിൽ ദാഹത്തെ വർദ്ധിപ്പിക്കുന്നു. ഇങ്ങനെ പുതുപ്പിക്കപ്പെട്ടതും സ്വർഗ്ഗീയമായതുമായ അനുഭവത്തോടുകൂടെ അവർ പന്നികളെ വിട്ടുംവെച്ചു പരമപിതാവിന്റെ അടുക്കലേക്ക് ഓടിച്ചെല്ലുന്നു. ക്രിസ്തുവിൽ വെളിപ്പെട്ട ദൈവസ്നേഹം അവരെ എതിരേറ്റു മുടിയൻപുത്രനും പിതാവുമെന്നപോലെ ഒരു വലിയ സന്ദർശനം നടക്കുന്നു. ഇവിടെ ആണ് മേലാൽ ഒരു നല്ല മനസ്സാക്ഷിയുടെ സാക്ഷാൽ ആവശ്യം സാധുവായ മനുഷ്യാത്മാവിനു ബോദ്ധ്യമാകുന്നതു്. അതിനെ അവൻ സ്നാനത്തിൽ പരമപിതാവിങ്കലേക്കുയർത്തുകയും ചെയ്യുന്നു. ഹാ! സ്നാനം എത്ര സാരാർത്ഥമടങ്ങിയ ഒരു ശുശ്രൂഷ! എന്നാൽ ദൈവത്തിനായി തന്നെ കീഴ്പെടുത്തിക്കൊടുക്കാത്ത ഹൃദയത്തോടുകൂടിയവരുടെ സ്നാനം അതിന്റെ യഥാർത്ഥത്തിൽനിന്ന് എത്രയോ ദൂരമായതു്! ക്രിസ്തുവിൽ വിശ്വാസിയായ സഹോദരാ! നീ ജലസ്നാനത്തിൽകൂടെ നല്ല മനസ്സാക്ഷിക്കായി ദൈവത്തോട് അപേക്ഷ കഴിച്ചിട്ടുള്ള ഒരുവനോ?

(൩) വിശ്വാസത്തിന്റെ പിന്നാലെ മാത്രമാണ് സ്നാനം നടക്കേണ്ടതു്. ക്രിസ്തുയേശുവിലുള്ള വിശ്വാസം ഒരുവൻ പ്രാപിക്കേണ്ട ഒന്നാകുന്നു. 2 പത്രോ: 1: 1. ദൈവത്തെ അവിശ്വസിച്ചു പൈശാചികശബ്ദത്തിനു ഹവ്വാ ഹൃദയത്തെ കീഴ്പ്പെടുത്തിയതു മുതൽക്കു മനുഷ്യാവസ്ഥ അവിശ്വാസത്തിന്റെ അന്ധകാരാവസ്ഥയിൽ അകപ്പെട്ടുപോയി. അവരുടെ ഹൃദയങ്ങൾ ദൈവത്തെക്കൊണ്ടുള്ള അനുഭവത്തെ വിട്ടകന്ന് അവിശ്വാസത്തിന്റെ ദുഷ്ടഹൃദയങ്ങളായിത്തീർന്നു. അവരുടെ ജീവിതം കാററടിച്ചുലയുന്ന കടൽത്തിരപ്പു സമമായും ഭവിച്ചു. ഈ അപകടാവസ്ഥയിൽനിന്നു മനുഷ്യത്വത്തിന് ഒരു വീണ്ടെടുപ്പ് ആവശ്യമാകയാൽ പരമപിതാവ് അന്നേ സ്ത്രീയുടെ സന്തതിയെ വാഗ്ദത്തം ചെയ്തു. ആ വാഗ്ദത്തസന്തതിയല്ലോ, ക്രൂശിക്കപ്പെട്ട രക്ഷിതാവ്. അവൻ മൂലമു

ഉള്ള വീണ്ടെടുപ്പിങ്കലേക്ക വരുന്നതുവരെയും മനുഷ്യാവസ്ഥ അധഃപതനത്തിൽ കിടക്കുന്നതേയുള്ളു. ഈ വീണ്ടെടുപ്പിനെ അനുഭവിക്കുന്നതിനായി ഓരോ ആത്മാക്കളും ദൈവത്തിന്റെ പരമവിളികൊണ്ടു വിളിക്കപ്പെടുന്നു. (ഫിലി: 3: 14.) ക്രിസ്തുയേശുവിന്റെ രക്ഷാശക്തിയുടെ കൈകൊണ്ടു പിടിക്കപ്പെടുന്നു. ഫിലി: 3: 12. ഈ അനുഗ്രഹിക്കപ്പെട്ട പുതിയ അനുഭവത്തിലേക്കുള്ള പ്രവേശം വിശ്വാസത്താൽത്തന്നെ ഓരോ ആത്മാക്കൾക്കും ലഭിക്കയും ചെയ്യുന്നു. (റോമ: 5: 2.) ഈ വിശ്വാസത്തെ ഓരോ ആത്മാക്കളിലും ജനിപ്പിക്കുന്നതിനായി പരിശുദ്ധാത്മാവു പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്നു. വീണ്ടെടുപ്പിൻസുവിശേഷവചനത്തോടുകൂടെ ഈ വിലയേറിയ വിശ്വാസത്തിങ്കലേക്കു് ഓരോ ആത്മാക്കളെയും ഉൾപ്രവേശിപ്പിക്കുന്നതിനായി പരിശുദ്ധാത്മാവു തന്റെ ദൂതന്മാരിൽകൂടെ വേല ചെയ്തുകൊണ്ടേയിരിക്കുന്നു. 2 കൊരി: 5: 18_20: റോമ 1: 6 ആരിൽ ഈ വേല ഫലപ്പെടുന്നുവോ അവരിൽ സുവിശേഷവചനം ശ്രദ്ധിക്കപ്പെടുന്നു. ഈ ശ്രദ്ധ ദൈവകടാക്ഷത്താൽ ഹൃദയം തുറക്കപ്പെടുന്നവരിൽ മാത്രമേ ഉണ്ടാകുന്നുള്ളു. ദൃഷ്ടാന്തമായി ലുദിയായെ ഓർക്ക. നടപ്പു്: 16: 14, 15. ഹൃദയം തുറക്കപ്പെട്ടപ്പോൾ ആ ആത്മാവിൽ വിശ്വാസത്തിന്റെ കേൾവി ഉണ്ടാകുന്നു. ഗലാത്യ: 3: 2.. ഈ കേൾവിയോടുകൂടെ പരിശുദ്ധാത്മശക്തിയാൽ വിശ്വാസം ജനിപ്പിക്കപ്പെടുകയും ചെയ്യുന്നു. വിശ്വാസത്തെ ദൈവത്തിൽനിന്നു ജനിച്ച വസ്തുവായി പറയപ്പെട്ടിരിക്കുന്നതു് ഈ കാരണത്താൽ ആകുന്നു. 1 യോഹ: 5: 4. ഇങ്ങനെ ദൈവത്താൽ ജനിപ്പിക്കപ്പെട്ട വിശ്വാസത്തോടുകൂടെ ലോകത്തെ ജയിച്ചുകൊണ്ടു് ഓരോ ആത്മാക്കളും ക്രിസ്തുവിന്റെ പാദത്തിങ്കൽ വന്നു് അടയുന്നു. അവിശ്വാസത്തിന്റെ അന്ധത ആത്മാവിൽനിന്നു നീങ്ങി നീതിസൂര്യന്റെ പ്രകാശം ഉള്ളിൽ തിളങ്ങുന്നു. "ക്രിസ്തു നിന്നിൽ പ്രകാശിക്കും!" എന്ന വചനം അവരിൽ നിവൃത്തിക്കപ്പെടുന്നു. അവിശ്വാസത്തിന്റെ ദുഷ്ടഹൃദയം പോയിട്ടു് ഉടനെത്തന്നെ മാംസത്തിലുള്ള ഒരു പുതിയ ഹൃദയം അവർക്കു ലഭിക്കുന്നു. ദൈവത്തിലും അവന്റെ പുത്രനായ യേശുക്രിസ്തുവിലും വിശ്വസിക്കുന്ന ഒരു പുതിയ ആത്മാവു് അവരിൽ വ്യാപരിച്ചുതുടങ്ങുന്നു. തൽക്ഷണം അവർ തങ്ങളുടെ തലകളെ ഉയർത്തിക്കൊണ്ടു ഞാൻ "സ്നാനപ്പെടുന്നതിനു് എന്തു തടസ്സമുള്ളു" എന്നു ചോദിക്കയും ചെയ്യുന്നു. ഈ വാസ്തവമത്രേ എത്യോപ്യഷണ്ഡനിൽ കാണപ്പെടുന്നതു്. നടപ്പു് 8: 36. എന്തെന്നാൽ സ്നാനത്തിന്റെ ആവശ്യം അവനെ ബോധിക്കുന്നു. ഈ നിർബന്ധശക്തി വിശ്വാസത്തിന്റെ ആത്മാവിൽനിന്നുയരുന്നതാണു്. ഈ അവസരത്തിൽ പരിശുദ്ധാത്മാവു് എത്രയോ ഭക്തിയോടുകൂടെ അരുളിച്ചെയ്യുന്നതു്:—"പൂർണ്ണഹൃദയത്തോടുകൂടെ വിശ്വസിക്കുന്നു എങ്കി

ൽ ആകാം" എന്നു മാത്രമാകുന്നു. എന്തെന്നാൽ പൂർണ്ണഹൃദയത്തോടുകൂടിയ വിശ്വാസത്തിനു മാത്രമേ സ്നാനത്തിന്റെ അനുസരണം അനുവദിക്കപ്പെട്ടിരിക്കുന്നുള്ളു. ഈ ശബ്ദുവിൽ രക്ഷാപുരുഷന്റെ സ്നാനകല്പനയിലേക്കും ഒന്നു് ഉററുനോക്കുക. "വിശ്വസിച്ചു സ്നാനപ്പെടുന്നവൻ". മർക്കൊ: 16: 16. ഈ വാചകത്തോടുകൂടെ പരിശുദ്ധാത്മാവു് പറയുന്ന തല്‌വാചകംകൂടെ ചേർത്തുനോക്കുക. "പൂർണ്ണഹൃദയത്തോടുകൂടെ വിശ്വസിച്ചു സ്നാനപ്പെടുന്നവൻ." ഹാ! സ്നാനപ്പെടേണ്ടവൻ എത്ര നല്ലതു വിശ്വാസത്തെ പ്രാപിച്ചിരിക്കേണ്ടതാവശ്യം. പരിശുദ്ധാത്മാവു് എത്ര ഗൌരവത്തോടുകൂടെ സ്നാനാർത്ഥിയിൽ വിശ്വാസത്തെ ചോദിക്കുന്നു എങ്കിൽ വിശ്വാസകാര്യത്തിൽ ഉപേക്ഷ കാണിച്ചുകൊണ്ടു സ്നാനം ചെയ്യാൻ എന്തൊരു ന്യായം? ഷണ്ഡന്റെ ചോദ്യത്തിൽതന്നെ വിശ്വാസം കാണപ്പെടുകയും സ്നാനത്തിന്നായി അവൻ നിർബന്ധിക്കപ്പെടുകയും ചെയ്തിട്ടും ഫിലിപ്പൊസ് അവനെ സ്നാനത്തിനു് അനുവദിക്കാതെ പിന്നെയും വിശ്വാസത്തിന്റെ ആവശ്യത്താൽ അവൻ പരിശോധിക്കപ്പെട്ടു എങ്കിൽ ക്രിസ്തുവിന്റെ നാമത്തിൽ പരിശുദ്ധാത്മാവിന്റെയും ജലസ്നാനത്തിനു കീഴ്പ്പെടുത്തുന്ന ശിഷ്യന്മാർ ആ ആത്മാവിൽ വിശ്വാസത്തെ എത്രമാത്രം പരീക്ഷിച്ചുകാണേണ്ടതു് ആവശ്യമാകുന്നു. ഒരുത്തൻ വിശ്വാസത്തെ പ്രാപിച്ചപ്രകാരം കണ്ടാലും പൂർണ്ണഹൃദയത്തോടുകൂടിയ വിശ്വാസമായി ആയതു് അവനിൽ കാണപ്പെടുന്നതുവരെയും അവൻ തടുക്കപ്പെടേണ്ടതും ആവശ്യമല്ലൊ. ഈ ആവശ്യത്തെ സംബന്ധിച്ചിടത്തോളം അഗണ്യമായി പെരുമാറുന്നതു് എത്ര തെററാകുന്നു. ക്രിസ്തുവിന്റെ നാമത്തിൽ ഒരാത്മാവിനെ സ്നാനത്തിനു കീഴ്പ്പെടുത്തുമ്പോൾ അവനിൽ ദൈവത്തിങ്കൽനിന്നു ജനിപ്പിക്കപ്പെട്ട വിശ്വാസത്തെ സൂക്ഷിക്കാത്തതും എത്ര കുററമാകുന്നു. ദൈവസത്യങ്ങൾക്കു പരിശുദ്ധാത്മാവു വെച്ചിരിക്കുന്ന ഗൌരവത്തെ വല്ലപ്രകാരത്തിലും ലഘുപ്പെടുത്തുന്നതു ദൈവമുമ്പാകെ ന്യായമോ? സുവിശേഷവിശ്വാസത്തിന്റെ പിന്നാലെ അത്രെ, വിശ്വാസത്തിന്റെ പരിപൂർണ്ണപരിശോധനയുടെ പിന്നാലെ, വിധിക്കപ്പെട്ടിരിക്കുന്ന സ്നാനം വിശ്വാസമില്ലായ്മയുടെയോ അപൂർണ്ണവിശ്വാസത്തിന്റെയോ സ്ഥാനത്തു് അനുവദിക്കുന്നതു് എത്ര വിരുദ്ധമാകുന്നു. ഷണ്ഡന്റെ ചോദ്യത്തോടുകൂടെ വെളിപ്പെട്ട വിശ്വാസത്തെ ഉടൻ സമ്മതിക്കാതിരുന്ന പരിശുദ്ധാത്മാവു സ്നാനാർത്ഥികളിൽ ആരോടെങ്കിലും മുഖപക്ഷദാക്ഷിണ്യം കാണിച്ചെന്നു വരുമോ? നിശ്ചയമായും സ്നാനം പൂർണ്ണഹൃദയത്തോടുകൂടിയ ദിവ്യവിശ്വാസത്തിന്റെ പിന്നാലെയുള്ള അനുസരണം തന്നെയാകുന്നു.

(4) ശിശുക്കളെ സ്നാനപ്പെടുത്തുന്നതു ശരിയല്ല:—വേദപുസ്തകത്തിന്റെ പല ഭാഗങ്ങളിലും എത്രയും തെളിവായിരിക്കുന്ന പ്ര

കാരം സ്നാനം വിശ്വാസത്തെ പ്രാപിച്ചവർക്ക മാത്രം വിധിക്കപ്പെ
ട്ടിരിക്കുന്ന ഒരു ശുശ്രൂഷയാകുന്നു. ഈ ശുശ്രൂഷ ക്രിസ്ത്യമാതാപി
താക്കന്മാരിൽനിന്നുണ്ടായിട്ടുള്ള ശിശുക്കൾക്കും അനുവദിക്കപ്പെടാ
വുന്നതാണെന്നത്രെ ശിശുസ്നാനത്തിനുള്ള ന്യായഹേതു. കുഞ്ഞുങ്ങ
ൾക്ക സുവിശേഷവിശ്വാസം വരുന്ന എന്ന ശിശുസ്നാനക്കാരിൽ
ഒരു നല്ല പങ്കു സമ്മതിക്കയില്ല. എന്നാൽ ശിശുക്കൾക്ക് അവി
ശ്വാസവും ഇല്ല എന്ന് അവരിൽ ചിലർ ന്യായം പറയുന്നു. ഒ.
രു വലിയ പങ്കു ശിശുക്കൾ സ്നാനത്തിൽ വീണ്ടുംജനിപ്പിക്കപ്പെട്ടി
ന്നു എന്നു പറഞ്ഞുംകൊണ്ടു ശിശുസ്നാനത്തെ ഉറപ്പിക്കുന്നു. യഹൂ
ദസഭയിൽ കുഞ്ഞുങ്ങൾക്കും ചേലാകർമ്മം അനുവദിക്കപ്പെട്ടിരുന്ന
തിനാൽ സ്നാനം കുഞ്ഞുങ്ങൾക്കും ന്യായമാണെന്നു ചിലർ വാദി
ക്കുന്നു. വേദപുസ്തകത്തിൽ ചില കുടുംബങ്ങളെ സ്നാനപ്പെടുത്തിയ
തു പറയപ്പെട്ടിരിക്കയാൽ അതിൽ കുഞ്ഞുങ്ങളും ഉൾപ്പെട്ടിരിക്ക
മെന്നും, അതിനാൽ കുഞ്ഞുങ്ങളേയും സ്നാനപ്പെടുത്തുന്നതിനു വേദ
പുസ്തകം അനുവദിച്ചിരിക്കുന്നതായും പലർ വാദിക്കുന്നു. ഇങ്ങ
നെ പലവിധമായ ന്യായവാദങ്ങളാൽ ശിശുസ്നാനത്തെക്കുറിച്ചുള്ള ക്രി
സ്തീയലോകത്തിൽ പാലിച്ചുപോരുന്നു. ഈ സംഗതിയെക്കൊണ്ട്
ആലോചിച്ചതിൽനിന്നു ശിശുസ്നാനം ശരിയല്ലെന്നുള്ളതിന് എ
നിക്ക തെളിവായ ആലോചനകൾ താഴെ കാണിക്കുന്നു.

(1) വിശ്വാസത്തിന്റെ പിന്നാലെ മാത്രം അനുവദിക്കപ്പെട്ടി
രിക്കുന്ന ഒരു ശുശ്രൂഷയാണ് സ്നാനം എന്നു വേദപുസ്തകത്തിൽ
എത്രയും തെളിവായിരിക്കുന്നതിനാൽ വിശ്വാസം ഉള്ളിൽ ജനി
പ്പിക്കപ്പെട്ടിട്ടില്ലാത്ത കുഞ്ഞുങ്ങൾക്ക സ്നാനത്തിനു പരിശുദ്ധാത്മാ
വിന്റെ ദൃഷ്ടിയിൽ യോഗ്യതയില്ല. ശിശുക്കളുടെ ഉള്ളിൽ സു
വിശേഷവിശ്വാസം ജനിക്കുന്ന എന്നുള്ളത് ഉറപ്പിക്കപ്പെട്ടാൽ എ
ന്റെ ഒന്നാമത്തെ ആലോചന തെററിപ്പോയി. എന്നാൽ വി
ശ്വാസം കേൾവിയാലും കേൾവിയോ ക്രിസ്തുവിന്റെ വചനത്താ
ലും എന്നും തിരുവചനത്തിൽ തെളിവായിരിക്കുന്നതിനാൽ സുവി
ശേഷ വചനത്തെ ശ്രദ്ധിക്കുന്നതിനു കഴിവില്ലാത്ത ശിശുക്കളിൽ
വിശ്വാസം ജനിക്കുന്നില്ലെന്നും ഞാൻ നിശ്ചയിക്കുന്നു. ഹാ! ക്രി
സ്തീയസഹോദരാ! നീ നിന്റെ കുഞ്ഞിനെ സ്നാനപ്പെടുത്തിയപ്പോ
ൾ നിന്റെ കുഞ്ഞിന് ഒരു പുതിയ ഹൃദയമാകട്ടെ ഒരു ദിവ്യ
വിശ്വാസമാകട്ടെ ലഭിച്ചെന്നു നിനക്ക ധൈര്യം പറയാമോ? വി
ശ്വാസത്തിന്റെ കാര്യത്തിൽ ഒരു നല്ല ഉറപ്പു സിദ്ധിച്ചതിന്റെ
ശേഷംമാത്രം ഈ ശുശ്രൂഷയെ പരിശുദ്ധാത്മാവു നടത്തിയതായി
തിരുവചനം പലഭാഗത്തും സാക്ഷിക്കുമ്പോൾ മതിയായ സാക്ഷ്യം
കൂടാതെ ശിശുക്കൾക്ക സ്നാനത്തെ അനുവദിക്കുന്നതു യോഗ്യമോ?
ഒരു ശിശുവിനെങ്കിലും സുവിശേഷവചനത്തോടുള്ള ശ്രദ്ധയാക
ട്ടെ വിശ്വാസമാകട്ടെ വരുന്നില്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

തക്കതായ സാക്ഷ്യം ലഭിക്കുന്നതുവരെയും ഈ അഭിപ്രായപ്രകാരം ശിശുസ്നാനം ശരിയല്ലെന്നു ഞാൻ നിർണ്ണയിക്കയും ചെയ്യുന്നു.

(൨) "മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ" എന്നുള്ള സുവിശേഷത്തിൻ്റെ പ്രകാരം വിശ്വാസം മാനസാന്തരത്തെ തുടർന്നുണ്ടാകേണ്ടതാണ്. ജനനാ എല്ലാ മനുഷ്യരും പാപികളാണെന്നു തർക്കംകൂടാതെ എല്ലാവരും സമ്മതിക്കുന്ന വാസ്തവമത്രെ. ആ സമ്മതപ്രകാരം ഏതു കുട്ടിയെയും, നോക്കിക്കൊണ്ട് ഇതു പാപസ്വഭാവമുള്ള ഒരു കുട്ടി എന്നു പറയാൻ ഒരു തർക്കവും വേണ്ടാ. പാപസ്വഭാവമുള്ള ഒരു കുട്ടിക്ക് അതിനനുസരിക്കുന്ന മനസ്സും ബുദ്ധിയും ഹൃദയവും ശക്തിയും സഹജമല്ലോ. ഈ അവസ്ഥയിൽനിന്നുള്ള ഒരു വിടുതൽ പാപബോധത്തോടും മാനസാന്തരത്തോടും വിശ്വാസത്തോടുംകൂടി മാത്രം ലഭിക്കുന്നതായിട്ടേ തിരുവചനം പറയുന്നുള്ളൂ. സ്നാനപ്പെടുത്തുന്ന കുഞ്ഞുങ്ങൾ വളർന്നുവരുമ്പോൾ പാപസ്വഭാവത്തിൻ്റെ എല്ലാലക്ഷണങ്ങളും സഹജമായിരിക്കുംവണ്ണം അവരിൽനിന്നു കാണപ്പെടുന്നതിനാൽ സുവിശേഷവചനത്തിൻപ്രകാരം മാനസാന്തരത്തിൻ്റെ ആദ്യോപദേശം അവർക്കു ആവശ്യമായി നിൽക്കുന്നു. മാനസാന്തരത്തിൻ്റെ ആദ്യ ഉപദേശം ഒരു ആത്മാവിന് ഏതൊരുസമയത്തു കൊടുക്കപ്പെടേണ്ടതോ അതിനു മുമ്പായി വിശ്വാസത്തിൻ്റെ അനുസരണശുശ്രൂഷയിലേക്ക് ആ ആത്മാവിനെ പ്രവേശിപ്പിക്കുന്നത് ഒരു വ്യർത്ഥമായ പ്രവൃത്തിയല്ലോ. അർത്ഥപൂർണ്ണമായ വിധത്തിൽ സർവ്വശക്തനായ ദൈവം സദ്ദാനം ചെയ്തിരിക്കുന്ന ഒരു മഹാസംഗതിയെ നിരർത്ഥകമായ വിധത്തിൽ നിറവേറ്റുന്നതു തൻ്റെ കാര്യ്യം യോഗ്യമോ? കുട്ടികൾക്കു മാനസാന്തരം നിശ്ചയമായും ഒരവസരത്തിൽ ആവശ്യമാകയാൽ അതിൻ്റെ ശേഷം മാത്രമല്ലാതെ പാപസ്വഭാവത്തിൽ സ്ഥിതിചെയ്യുന്ന കാലാവധിയിൽ സ്നാനം കുട്ടികൾക്ക് അനുവദിക്കുന്നതു ശരിയല്ല. കുട്ടികൾ പാപസ്വഭാവത്തിൽനിന്നു സ്നാനത്താലോ മറ്റോ മോചിക്കപ്പെടുന്നു എന്നു തെളിവായി വന്നാൽ എൻ്റെ രണ്ടാമത്തെ ആലോചനയും തെറ്റിപ്പോയി. എന്നാൽ പാപബോധത്തോടും മാനസാന്തരത്തോടുംകൂടെ അല്ലാതെ യാതൊരാത്മാവിനും പാപസ്വഭാവമോചനം സിദ്ധിക്കുന്നതല്ലെന്നു ഞാൻ നിർണ്ണയിക്കുന്നു. ആകയാൽ പാപസ്വഭാവത്തോടുകൂടിയ ശിശുക്കളെ സ്നാനത്തിന് അനുവദിക്കുന്നതു ശരിയല്ല, നിശ്ചയം.

(൩) പഴയപുതിയ ഉഭയസമ്മതങ്ങൾ തമ്മിലുള്ള വ്യത്യാസത്തെ ആലോചിക്കുമ്പോഴും സ്നാനം ശിശുക്കൾക്ക് അനുവദിക്കാൻ ന്യായമില്ലെന്നു തെളിവാകുന്നു.

പഴയ ഉഭയസമ്മതത്തിൽ ദൈവം പുറത്തുനിന്നു മനുഷ്യാത്മാവിനോട് ഏർപ്പെട്ടിരുന്നതായും പുതിയതിൽ അകത്തുനിന്നു ഇടപെടുന്ന

തയും തിരുവെഴുത്തു സാക്ഷിക്കുന്നു. എബ്രാ: 8: 8–13. പുതിയ ഉഭയസമ്മതത്തിൽ ദൈവം തന്റെ പ്രമാണത്തെ മനുഷ്യരുടെ മനസ്സിലാക്കി ഹൃദയങ്ങളിൽ എഴുതികൊണ്ട് അവരെ തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിലേക്കു വരുത്തും എന്നു താൻ വാഗ്ദത്തം ചെയ്യുന്നു. പഴയതിലോ താൻ കല്പലകളിന്മേൽ എഴുതികൊണ്ടു തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തെ ഓരോരുത്തരിലും വരുത്തുന്നതിന്നായി ഏല്പിച്ചുകൊണ്ടിരുന്നു. ഈ പെരുമാററത്തിൻപ്രകാരം ആത്മീകമായി യാതൊരു വിശേഷവും സിദ്ധിക്കാത്ത ശിശുക്കൾക്കുംകൂടെ പഴയ ഉഭയസമ്മതത്തിൻകീഴിലേക്കു പ്രവേശനം അനുവദിച്ചു. തന്നിമിത്തം അബ്രഹാമിന്റെ ചേലാകർമ്മം ഇസ്ഹാക്കിനും അനുവദിച്ചുകൊടുത്തു. അതു സംഭവിപ്പാൻപോകുന്നതിന്റെ അടയാളമായി മാത്രം നിയമിക്കപ്പെട്ടു. എന്നാൽ പുതിയ ഉഭയസമ്മതത്തിൽ സ്നാനം സംഭവിപ്പാൻ പോകുന്നതിന്റെ അല്ല, സംഭവിച്ചതിന്റെ അടയാളമായിരിക്കണം എന്നു ദൈവം നിശ്ചയിച്ചിരിക്കുന്നതായി എഫെസൊസിലെ ശിഷ്യന്മാരെ വീണ്ടും സ്നാനപ്പെടുത്തിയതിൽനിന്നു ഗ്രഹിക്കാവുന്നതാണ്. മാത്രമല്ല, കൃപയുടെ പ്രമാണപ്രകാരം നിവർത്തിക്കപ്പെട്ട അടയാളമായിരിക്കയും വേണ്ടതാകുന്നു. "നിങ്ങൾ ന്യായപ്രമാണത്തിൻകീഴല്ല, കൃപയ്ക്കു കീഴിലാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ" റോമ: 6: 14–ാം വാക്യം. പാപത്തിനു കർത്തൃത്വം നടത്താൻ പാടില്ലാത്ത ഒരു പ്രമാണം ഉള്ളിൽ പതിക്കുമ്പോൾ മാത്രമെ ഒരാത്മാവു കൃപയുടെ കീഴിലേക്കു പ്രവേശിക്കുന്നുള്ളൂ. കൃപയുടെ കീഴിലേക്കു പ്രവേശിച്ച ആത്മാവിനു മാത്രമേ അതിന്റെ മുദ്രയ്ക്കു ന്യായമുള്ളൂ. അകമെ കൃപയുടെ സ്വാതന്ത്ര്യം പ്രകാശിച്ചു തെളിയുന്നതുവരെയും കൃപയുടെ പ്രമാണത്തിന്റെ മുദ്രയിലേക്ക് ഒരാത്മാവിനെ പ്രവേശിപ്പിക്കുന്നതു കൃപയുടെ പ്രമാണത്തിനു ചേരുന്നതല്ല. ന്യായപ്രമാണത്തിൻകീഴിൽ ചേല അതിന്റെ തത്വത്തിനു യോജിച്ചിരുന്നു. എന്തെന്നാൽ അതു് ഉണ്ടാവാൻ പോകുന്നതിനെക്കുറിച്ചു സൂചിപ്പിച്ചു. പൊതുപ്രമാണമോ ഉണ്ടായതിനെ സാക്ഷിക്കുന്നു. ആകയാൽ കൃപയുടേതായ പൊതുപ്രമാണമുദ്ര അകമെ സംഭവിച്ചതിന്റെ സൂചനയായി അനുവദിക്കപ്പെടേണ്ടതാണ്. കുഞ്ഞുങ്ങളിൽ കൃപയുടെ പുതിയ അനുഭവം കാണപ്പെടുന്നതുവരെയും അതിന്റെ മുദ്രയാകുന്ന സ്നാനത്തിന് അവരെ അനുവദിക്കുന്നതു പുതിയ ഉഭയസമ്മതത്തിന്റെ പ്രമാണത്തിന് എത്ര കുറവാകുന്നു. കുഞ്ഞുങ്ങളിൽ സ്നാനത്തിന്റെ മുമ്പോ സ്നാനത്തിന്റെ സന്ദർഭത്തിലോ കൃപയുടെ പരിജ്ഞാനം സിദ്ധിക്കുന്നു എന്നു പറയുന്നപക്ഷം എന്റെ മൂന്നാമത്തെ ആലോചനയും തെററിപ്പോയി. എന്നാൽ സുവിശേഷവചനം ഗ്രഹിക്കുന്നതുവരെയും കൃപയുടെ പ്രമാണത്തിന് ഒററക്കത്തിന്റെയും ഉള്ളത്തിൽ സമ

ലമുണ്ടാകുന്നില്ലെന്നും തന്നിമിത്തം ക്രിയാപ്രമാണത്തിന്റെ ഒരു എ
ന്ന നിലയിൽ സ്നാനം കുഞ്ഞുങ്ങൾക്കു കൊടുക്കുന്നതു ശരിയല്ലെന്നും
ഞാൻ നിശ്ചയിക്കുന്നു. ഇനിയും ഒരു കാര്യത്തിൽ കുഞ്ഞുങ്ങളെ
കൊണ്ട് ആലോചിപ്പാൻ ഞാൻ നിർബന്ധിക്കപ്പെടുന്നു. കർത്താ
വു പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവ
രെ തടുക്കരുത് എന്നു കല്പിച്ചിരിക്കയും പൈതങ്ങളെ മാറിലണ
ച്ച് അനുഗ്രഹിക്കയും ചെയ്തിട്ടുള്ള സ്ഥിതിക്കു കുഞ്ഞുങ്ങളെ സ്നാന
ത്തിൽ കർത്താവിന്നു സമർപ്പിക്കേണ്ടതു് ആവശ്യമല്ലയോ? എന്നൊ
രഭിപ്രായം ദൈവമക്കളായ പലരിലുമുണ്ട്. അതിനെ സംബന്ധി
ച്ച് എനിക്കു സിദ്ധിച്ചിട്ടുള്ള വെളിവ് ഇപ്രകാരമാകുന്നു. സ്നാ
നം ഒരു അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിക്കുന്നവർക്കായി കല്പിക്ക
പ്പെട്ടിരിക്കുന്ന ഒരു ശുശ്രൂഷയല്ല. വിശ്വാസത്തിന്റെ പ്രകാശ
നമായി കല്പിക്കപ്പെട്ടിരിക്കുന്ന ഒരു ശുശ്രൂഷയെ അതിനു യോഗ്യ
തയില്ലാത്തവർക്കു വേറൊരുദ്ദേശ്യത്തോട് അനുവദിക്കുന്നതു യോഗ്യ
മല്ല. എന്നാൽ കുഞ്ഞുങ്ങളെ കർത്താവിന്നു പ്രതിഷ്ഠിപ്പാൻ എല്ലാ
വിശ്വാസികൾക്കും സ്വാതന്ത്ര്യമുണ്ട്. നിശ്ചയമായും കുഞ്ഞുങ്ങൾക്കു
ക്രിസ്തുകർത്താവിൽനിന്ന് അനുഗ്രഹം പ്രാപിക്കയും ചെയ്യാം. ക
ർത്താവിന്റെ അടുക്കൽ കൊണ്ടുവരപ്പെട്ട കുഞ്ഞുങ്ങളെ താൻ അ
നുഗ്രഹിച്ചു. അതുകൊണ്ട് അവർ സ്നാനത്തിനുള്ള യോഗ്യത പ്രാ
പിച്ചു എന്നു വരുന്നില്ല. അവരെ താൻ മാറിലണച്ചു. അതുകൊ
ണ്ട് അവർ തന്റെ സ്നേഹത്തെ ഉള്ളിൽ അനുഭവിച്ചു എന്നു വ
രുന്നില്ല. ഒരു അനുഗ്രഹം പ്രാപിക്ക എന്നുള്ളതും ഒരു അനുഭവം
സിദ്ധിക്ക എന്നുള്ളതും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ക്രിസ്തുക
ർത്താവു തന്റെ ശിഷ്യന്മാരെ അയയ്ക്കുമ്പോൾ അവർ പ്രവേശി
ക്കുന്ന വീട്ടിന്നു സമാധാനം പറയേണം എന്നു കല്പിച്ചു. എന്നാ
ൽ ആ വീട്ടിൽ സമാധാനപുത്രൻ ഇല്ലെന്നുവരികിൽ ആ സമാ
ധാനം അവിടെ അവകാശപ്പെടുന്നില്ല. സമാധാനപുത്രൻ ഉ
ണ്ടെങ്കിൽ ആ സമാധാനം അവന്മേൽ ആവസിക്കുന്നു. കുഞ്ഞുങ്ങ
ളുടെ കാര്യത്തിൽ അനുഗ്രഹത്തിന്റെ സ്ഥാനവും ഇതുപോലെയാ
കുന്നു. ദൈവസ്നേഹത്തിന്റെ അനുഭവത്തിലേക്കും ദൈവാനുഗ്ര
ഹങ്ങളുടെ അവകാശത്തിലേക്കും അവരെ വഴി നടത്തുന്നതിൽ
ഈ സ്നേഹവും അനുഗ്രഹവും അവർക്കു ഫലപ്പെടുന്നു. ഇതിന്റെ
നടത്തിപ്പിന്നായി എല്ലാ പൈതങ്ങളേയും കർത്താവിന്റെ നാമത്തി
ൽ ദൈവസ്നേഹത്തിന്റെയും അനുഗ്രഹത്തിന്റെയും വഴികളി
ലേക്ക് ഉൾപ്രവേശിപ്പിക്കേണ്ടതാകുന്നു. അങ്ങനെ ഉൾപ്രവേശി
പ്പിക്കപ്പെട്ട കുഞ്ഞുങ്ങളെ കർത്താവിന്റെ ബാലശിക്ഷയിലും ഉപ
ദേശവാക്യങ്ങളിലും പോററി വളർത്തുന്നതിന് എല്ലാമാതാപിതാ
ക്കന്മാർക്കും ചുമതലയുണ്ടുതാനും. എഫെ: 6: 1-4. ആകയാൽ കു
ഞ്ഞുങ്ങളെ കർത്താവിന്റെ അടുക്കലേക്കു കൊണ്ടുവരുന്നതിനുള്ള

ദിവ്യവിളിയും അവരെ മാർവ്വിലണച്ച് അനുഗ്രഹിക്കുന്ന ദിവ്യനടത്തിപ്പും അതിൽതന്നെയുള്ള കൃപകൾക്കുള്ള വഴി എന്നല്ലാതെ അതിനേക്കാൾ ഉന്നതമായ കൃപാവഴിയാകുന്നു എന്നു ശരിയല്ല. വിശ്വാസിപ്പു സ്നാനപ്പെടാത്തവരുടെ കുഞ്ഞുങ്ങളോടും കർത്താവിന്റെ നാമത്തിൽ പ്രസ്തുതനടത്തിപ്പ് ഉപയോഗപ്പെട്ടതാവുന്നതാണ്. കർത്താവു മാർവ്വിലണച്ച് അനുഗ്രഹിച്ച കുഞ്ഞുങ്ങൾ തന്നിൽ വിശ്വസിച്ചിരുന്നവരുടെ മക്കൾ മാത്രമായിരുന്നു എന്നു വിചാരിച്ചുകൂടായല്ലോ. എന്നാൽ വിശ്വാസികളുടെ കുഞ്ഞുങ്ങൾ ഈ നടത്തിപ്പിൽ അവിശ്വാസികളുടെ കുഞ്ഞുങ്ങൾക്കു ലഭിക്കുന്നതിനേക്കാൾ അധികം കൃപാനടത്തിപ്പു പ്രാപിക്കുന്നു. തന്മൂലം കൃപയുടെ പ്രമാണത്തിന്റെ പാഠശാലക്കൂട്ടത്തിൽ പരിശീലിപ്പിക്കപ്പെടുകയും ചെയ്തു, പൂർണ്ണഹൃദയത്തോടുകൂടിയ വിശ്വാസത്തിനു വഴി നടത്തപ്പെടുകയും ചെയ്യുന്നു. എന്നാൽ എപ്പോൾ കൃപയുടെ പ്രമാണം ഉള്ളിൽ പ്രകാശിക്കയും സ്വവിശേഷവിശ്വാസം ഹൃദയത്തിൽ ഉണ്ടാകയും ചെയ്തു, "വിലയേറിയ വിശ്വാസത്തെ പ്രാപിച്ചവൻ" എന്ന നിലയിലേക്കു വന്നെത്തുന്നുവോ, അപ്പോളു കുഞ്ഞുങ്ങൾക്കും വിശ്വാസസ്നാനത്തിനുള്ള ന്യായമായ സമയമാകുന്നു. കർത്താവിൽനിന്നു തങ്ങൾക്കു ലഭിക്കുന്ന കുഞ്ഞുങ്ങളെ തിരുനാമത്തിൽ തനിക്കു പ്രതിഷ്ഠിച്ചുംകൊണ്ടു കർത്താവിന്റെ ഉപദേശവാക്യങ്ങളിൽ അവരെ പോററിവളർത്തി പൂർണ്ണഹൃദയത്തോടുകൂടിയ വിശ്വാസം അവരിൽ ജനിക്കുന്നതിനു വഴി കാണിച്ചു അവർക്കുവേണ്ടി പ്രയത്നിക്കേണ്ടതു എല്ലാ ക്രിസ്തീയമാതാപിതാക്കന്മാർക്കും ഉള്ള ധർമ്മമാകുന്നു

* * *

കുഞ്ഞുങ്ങൾ സ്വർഗ്ഗത്തിലേക്കു പോകുമല്ലോ. എന്നാൽ പിന്നെ അവരെ സ്നാനപ്പെടുത്തുന്നതിനു തടസ്സം എന്തു? സമാധാനം—സ്നാനത്തിനു ഒരാത്മാവിനെ അനുവദിക്കുന്നതിനു അവൻ സ്വർഗ്ഗത്തിലേക്കു പോകുമോ? എന്നുള്ള പരിശോധനയല്ല, തിരുവചനത്തിൽ കാണുന്നതു. പിന്നെയോ പൂർണ്ണഹൃദയത്തോടുകൂടിയ വിശ്വാസം ഒന്നുമാത്രമാണ് സ്നാനാർത്ഥിയിൽനിന്നു പരിശുദ്ധാത്മാവു ആവശ്യപ്പെടുന്നതെന്നു തിരുവെഴുത്തു സാക്ഷിക്കുന്നു. ആകയാൽ ആ വിശ്വാസം കുഞ്ഞുങ്ങളിൽ കാണപ്പെടുന്നതുവരെയും അവരെ സ്നാനത്തിനനുവദിക്കുന്നതു പരിശുദ്ധാത്മാവിന്റെ വ്യവസ്ഥയ്ക്കു ഒന്നാകെ കുറവാകുന്നു.

# മലങ്കര വിയോജിതസഭവക
# മല്ലപ്പള്ളി കൺവെൻഷ്യൻ.

ഈയാണ്ടു ....മാസം 2-ാംനു- ബുധനാഴ്ച രാത്രി മുതൽ 6-ാംനു- ഞായറാഴ്ച സായാഹ്നം വരെ മല്ലപ്പള്ളയിൽ പബ്ലിക്ക റോഡിനു സമീപം തയ്യാർചെയ്തിരുന്ന വിശാലമായ പന്തലിൽവച്ചു മലങ്കരവിയോജിതസഭയുടെ എട്ടാമത്തെ കൺവെൻഷ്യൻ മുന്നാണ്ടുകളെ അപേക്ഷിച്ചു വളരെ ഭംഗിയായും അനുഗ്രഹകരമായും കഴിഞ്ഞുകൂടിയിരിക്കുന്നു. തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലുമുള്ള എല്ലാ. വിയോജിതവിശ്വാസികളും ഈ യോഗത്തിന്റെ നിഷ്കളങ്കമായ പരിസമാപ്തിക്കും ഫലപ്രദമായ നടത്തിപ്പിനും വേണ്ടിയുള്ള പ്രാർത്ഥനയോടുകൂടി യോഗസ്ഥലത്തു കാലേക്കൂട്ടി സന്നിഹിതരായിരുന്നു ഉത്സാഹപൂർവ്വം യോഗങ്ങളിൽ സംബന്ധിച്ചു. കൂടാതെ മല്ലപ്പള്ളയിലും പരിസരപ്രദേശങ്ങളിലുമുള്ള വിവിധവകക്കാരായ അനവധി ക്രിസ്ത്യാനികൾ ഓരോ ഹിറിഫുകളിലും യാതൊരു ഭിന്നതയും പ്രകടിപ്പിക്കാതെ സംബന്ധിച്ചു യോഗത്തെ കൃതജ്ഞതാപൂർവ്വം സ്മർത്തവ്യമാണ്.
അലങ്കരിച്ചിരുന്നു എന്നുള്ളതും വിശദീകരിച്ചും

ക്രിസ്തുസഭയുടെ അടിസ്ഥാനോപദേശങ്ങളെ നാമധേയക്രൈസ്തവ
ഈ ലൗകികയുഗത്തിൽ സ്വതന്ത്രരാക്ക ആവശ്യകതയെ തെളി
സമൂഹത്തിൽനിന്നുള്ള വിയോജനത്തിന്റെ വേദാദ്ധ്യ
യിച്ചും പ്രതിദിനം പ്രധാനപ്രാസംഗികൻ നടത്തിട്ടുള്ള പ്രയോജ
യനക്ലാസ്സുകൾ വേദപുസ്തകപഠിതാക്കൾക്കു ഗണ്യമായ പ്രസിദ്ധസിദ്ധ
നത്തെ ചെയ്തിട്ടുണ്ടെന്നുള്ളതു നിസ്തർക്കമാണ്. ജ്ഞാനവൃ
നും ഭക്തശിരോമണിയുമായ ഹാനോക്കു, പരിശുദ്ധനും ജീവച
ദ്ധനുമായ ശമുവേൽ എന്നീ പ്രാചീനമഹാത്മാക്കളുടെ ഭാവിപ്രത്യാശ,
രിത്രത്തെ അടിസ്ഥാനമാക്കിയും സഭ, ഋഷിമാന്മാരുടെ പ്ര
സഹസ്രാബ്ദയുഗം മുതലായ വിഷയങ്ങളെ പരാമർശിച്ചുമാണ്
സംഗങ്ങൾ അധികവും നടന്നിട്ടുള്ളതു.

5-ാംനു- ശനിയാഴ്ച ഉച്ചയ്ക്കുശേഷം മലങ്കരവിയോജിത ക്രൈ സ്തവസോദരീസമാജത്തിന്റെ ഒരു വിശേഷാൽയോഗം കൺവ ൻഷ്യൻപന്തലിൽവച്ചു നടക്കുകയുണ്ടായി. അൻപതിൽപരം സഹോദരിമാർ അതിൽ സന്നിഹിതരായിരുന്നു.

യോഗത്തിന്റെ അന്ത്യദിവസമായ ഞായറാഴ്ച സായാഹ്നത്തിൽ സ്ഥലത്തിനടുത്തുള്ള മണിമലയാററിൽ നടന്ന സ്നാനശുശ്രൂഷ വിശേഷാൽ പ്രസ്താവയോഗ്യമാണ്. ഇതിലേക്കു കൺവൻഷ്യൻപന്തലിൽനിന്നും സഹോദരന്മാരുടെ സഹകരണത്തോടും ഗാനപ്രതിഗാനങ്ങളോടുംകൂടി പൂവനക്കടവിലേക്കു പുറപ്പെട്ടു. കടവിൽ എത്തിയപ്പോഴേയ്ക്കു അത്ഭുതപൂർവമായ ഈ സംഭവം കാണ്മാൻ വ

# വിയോജിതർ

ഇരു ആളുകൾ അക്ഷമരായി കാത്തുനിൽക്കുന്നുണ്ടായിരുന്നു. സന്ദർശകന്മാരും ശ്രോതാക്കളുമായി അവിടെ കൂടിയിരുന്ന ജനത തിങ്ങി മണൽപ്പുറത്തു ക്രമമായി ഇരുന്നതിനുശേഷം [illegible] വി. [illegible] ണ് അവർക്കു വിശ്വാസസ്നാനത്തിന്റെ ആവശ്യകത, സ്നാനരീതി, ആദിമസഭകളുടെ അനുഷ്ഠാനസമ്പ്രദായം, ഇതാണ്ടിനാണ്ടുകളായ [illegible] പാശ്ചാത്യപൌരസ്ത്യസഭകളുടെ ആചാരക്രമങ്ങൾ, പ്രാചീനന്മാരും അർവാചീനന്മാരുമായ വേദശാസ്ത്രികൾ, ഭക്തന്മാർ, പണ്ഡിതന്മാർ ഇവരുടെ അഭിപ്രായങ്ങൾ, മൂലഭാഷാപദത്തെപ്പറ്റി മഹാനിഘണ്ടുക്കളിൽ കൊടുത്തിട്ടുള്ള വിവരണങ്ങൾ എന്നിവയെ പുരസ്കരിച്ച് ഏകദേശം രണ്ടു മണിക്കൂർനേരം വിസ്തൃതമായ ഒരു പ്രസംഗം ചെയ്തു. പിന്നീടു പാട്ടോടുകൂടി അടുത്തുണ്ടായിരുന്ന ജലാശയത്തിലേക്കു പോയി. ആൾത്തിരക്കും ആരവാരവും നിമിത്തം ശുശ്രൂഷ തടസ്സപ്പെടുമെന്ന് ആദ്യം വിചാരിച്ചു. വിശ്വാസികളുടെ ഹൃദയപൂർവമായ മനഃപ്രാർത്ഥനകൾ സ്വർഗ്ഗതലത്തിലേക്ക് ഉയർന്നു. അല്പനേരത്തിനിടയിൽ അത്ഭുതകരമായ ശാന്തതയുണ്ടായി. സ്നാപകൻ വെള്ളത്തിലേക്കിറങ്ങി. മൂവായിരത്തിൽപരം ജനങ്ങൾ ഇരുകരകളിലുമായി നോക്കിക്കൊണ്ടു നിന്നു. ചിലരെല്ലാം പരിഹാസസൂചകമായ ചേഷ്ടകളോടും ഹാസ്യരസത്തോടും കൂടി നോക്കിനിൽക്കവേ തന്നെ യോർദ്ദാനിലെ വെള്ളങ്ങളെ തന്റെ പാദസ്പർശനങ്ങളാൽ പരിപൂതമാക്കിയ പരിശുദ്ധകർത്താവിന്റെ കാൽച്ചുവടുകളെ പിന്തുടരുവാൻ സധൈര്യം തീരുമാനിച്ച സ്നാനാർത്ഥികൾ ഓരോരുത്തരായി വെള്ളത്തിലേക്കിറങ്ങി പിതൃപുത്രപരിശുദ്ധാത്മാക്കളുടെ നാമത്തിൽ നിമജ്ജിക്കപ്പെട്ടു. സ്ത്രീപുരുഷന്മാർ ഉൾപ്പെടെ 27 പേർ ഈ ശുശ്രൂഷയിൽ പരസ്യസ്വീകാരം കഴിച്ചു. ഒടുവിലായി ഈ മഹായോഗത്തിന്റെ പ്രാരംഭാന്ത്യമുള്ള നടത്തിപ്പിൽ അനുഭവിച്ച ദൈവകൃപയെ അനുസ്മരിച്ചു വിശ്വാസികൾ ഒന്നാകെ പ്രാർത്ഥിച്ചും സ്തോത്രഗാനങ്ങൾ പാടിയുംകൊണ്ടു സ്വവസതികളിലേക്കു പിരിഞ്ഞുപോയി.

പ്രസ്തുതമഹായോഗത്തിന്റെ നടത്തിപ്പിൽ മല്ലപ്പള്ളിയിൽ വിയോജിതസഭയും സ്ഥലത്തെ മാന്യവ്യക്തികളും ചെയ്തിട്ടുള്ള പ്രയത്നങ്ങളും സഹായസഹകരണങ്ങളും മലങ്കര വിയോജിതസഭ എന്നും കൃതജ്ഞതാപൂർവ്വം ഓർക്കത്തക്കതാണ്. എല്ലാററിനുംമേലായി തന്റെ അപരിമിതമായ കരുണയാൽ ഇത്രത്തോളം അനുഗ്രഹകരമായും ഫലപ്രദമായും ഈ യോഗത്തെ നടത്തി അവസാനിപ്പിച്ച സർവ്വകൃപാലുവാം ദൈവത്തെ ഹൃദയപൂർവം സ്തുതിച്ചുകൊണ്ട് ഈ വിവരണത്തെ അവസാനിപ്പിക്കുന്നു.

റി. ഐപ്പ് മത്തായി,
ലേഖനകർത്താവ്.

# കുറിപ്പുകൾ.

98 മീനം 11-ാംനു-യിലെ നസ്രാണിദീപികയിൽ "ബെപ്റ്റിസ്റ്റുകളുടെ ഒരു സ്നാനകർമ്മം" എന്ന പേരിൽ ഫാദർ മാത്യു പുതിയിടം ഒരു ലേഖനം എഴുതിയിരിക്കുന്നു. ഈ പ്രസംഗത്തെക്കുറിച്ചു വഴിയെ ഞങ്ങൾ നിരൂപണം ചെയ്യുന്നതാണ്.

റാന്നി കൺവെൻഷൻ:—റാന്നി പെരുമ്പുഴക്കടവിനു സമീപം കല്ലൂപ്പാട്ടുമണൽപ്പുറത്തു തയ്യാറാക്കിയിരുന്ന പന്തലിൽവച്ചു ഈയാണ്ടു മകരം 12-15 വരെയുള്ള തീയതികളിൽ റാന്നി വിയോജിതസഭയുടെ ആഭിമുഖ്യത്തിൽ ഈ കൺവെൻഷൻ നടന്നു. ശനിയാഴ്ച പകൽ മൂന്നുമണിക്കുമേൽ ഹിന്തുക്കൾക്കായി ഒരു പ്രത്യേകയോഗവുമുണ്ടായിരുന്നു.

10 വയസ്സു പ്രായമുള്ള ഒരു ചൈനാബാലൻ റെവുള്ളവക് ഒരു വെളിച്ചമായി ജീവിച്ചിരുന്നു. അയൽക്കാർ പലപ്പോഴും അവനെ വിശ്വസിച്ചു അവന്റെ കയ്യിൽ നാണയങ്ങൾ മാറുവാൻ കൊടുക്കും. ക്രിസ്ത്യാനിയല്ലാത്ത ഒരു സ്ത്രീ തന്റെ അയൽക്കാരിൽ ഒരാളോട്: നിങ്ങൾക്കു ഒരു ചെറിയ കൊച്ചന്റെ കയ്യിൽ നാണയം കൊടുപ്പാൻ ഒരു മടിയുമില്ലല്ലോ എന്നു പറഞ്ഞു. അതിനു മറെറയാൾ ഉത്തരം പറഞ്ഞതു: അവൻ യേശുവിന്റെ സംഘത്തിൽപെട്ട ഒരു കുട്ടിയാണ്; അവൻ ചതിക്കയില്ല.

പഴയകാലത്തു കാർതേജ് എന്ന സ്ഥലത്തു വീട്ടുകെട്ടു എന്ന കുറ്റത്തിന്മേൽ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടിരുന്ന ഒരാൾ തന്നെ കണ്ടു ഗുണദോഷിപ്പാൻ വന്നിരുന്ന സഭാശുശ്രൂഷകനോടു തന്റെ ദോഷകരമായ നടപടിയുടെ ആരംഭം, തന്റെ അമ്മ ഉറങ്ങുമ്പോൾ അവളുടെ പോക്കറ്റിൽനിന്നു ഒരു പെന്നി താൻ മോഷ്ടിച്ചതാണ് എന്നു പറകയുണ്ടായി. ഒരു പെന്നിക്കും തൂക്കുമരത്തിനും തമ്മിൽ വളരെ അകലമുണ്ടെന്നുള്ളതു വാസ്തവമാണ്. എങ്കിലും ക്രമംകൊണ്ടു അവ തമ്മിൽ അടുത്തുപോകും. മകനേ, പാപികൾ നിന്നെ വശീകരിച്ചാൽ നീ വഴിപ്പെട്ടുപോകരുതു.

പള്ളിപ്പാട്ടു കൺവെൻഷൻ:—പള്ളിപ്പാട്ടു സഭയുടെ ഉത്സാഹത്തിന്മേൽ പള്ളിപ്പാട്ടു കൊയ്ക്കായ്ക്കരയിൽ തയ്യാറാക്കിയിരുന്ന പന്തലിൻകീഴ് കുംഭം 23-27 തീയതികളിൽ കൺവെൻഷൻ യോഗങ്ങൾ നടന്നു. യോഗാന്ത്യദിനമായ ഞായറാഴ്ച നാലുമണിയോടുകൂടി സ്ഥലത്തിനടുത്തുള്ള ആറ്റിലിറങ്ങി കടവിൽവച്ചു സ്നാനവിഷയകമായ ഒരു പ്രസംഗവും അനന്തരം സ്നാനശുശ്രൂഷയും നടക്കുകയുണ്ടായി. ഇതിൽ 8 പേർ സ്നാനത്തിൽ സംബന്ധിച്ചു. ഒരാൾ ഗോവിന്ദൻ എന്നു പേരുള്ള ഒരു ഈഴവയുവാവായിരുന്നു. സന്ദർശകന്മാരായി ഏകദേശം 1000-ത്തോളം ആളുകൾ ഉണ്ടായിരുന്നു. ഈ കൺവെൻഷനിലും ഹിന്തുക്കൾക്കായി ഒരു യോ